കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1445/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/10/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി10-1445/2025 തീയ്യതി: 24/10/2025

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുരേഷ്. എസ്	ഡെപ്യൂട്ടി ഡയറക്ടർ	11-08-2025	19-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-08-2025	19-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ. വി. ജി, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ.)
ശ്രീമതി. സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജേഷ് കുമാർ. പി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നിധിൻ കുമാർ. പി. വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. കെ. എൻ. സുവർണ്ണകുമാരി	പ്രസിഡന്റ്	01-04-2024	28-12-2024
ശ്രീമതി. മോളി ജോസഫ്	പ്രസിഡന്റ്	15-01-2025	31-03-2025
ശ്രീ. അനിൽകുമാർ. എ	സെക്രട്ടറി	01-04-2024	02-04-2024
ശ്രീമതി. ദീപ. എം. കുര്യാക്കോസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-04-2024	02-05-2024
ശ്രീ. അനിൽകുമാർ. എ	സെക്രട്ടറി	03-05-2024	10-05-2024

ശ്രീമതി. ദീപ. എം. കുര്യാക്കോസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	11-05-2024	09-06-2024
ശ്രീ. അനിൽകുമാർ. എ	സെക്രട്ടറി	10-06-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ദീപ. എം. കുര്യാക്കോസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി. അഞ്ജന പ്രസാദ്	അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW)	01-04-2024	31-03-2025
ഡോ. എലിസബത് രാജൻ	മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി)	01-04-2024	31-03-2025
ശ്രീമതി. റസിയ. എ. സലാം	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. സ്നെല്ല സണ്ണി	വെറ്ററിനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീമതി. ദിവ്യ. വി. ആൻഡ്രൂസ്	ഐ. സി. ഡി. എസ്. സൂപ്പർവൈസർ	01-04-2024	08-04-2024
ശ്രീമതി. സുനില. വി. ജി	ഐ. സി. ഡി. എസ്. സൂപ്പർവൈസർ	09-04-2024	09-08-2024
ശ്രീമതി. വിഭിത സോമൻ	ഐ. സി. ഡി. എസ്. സൂപ്പർവൈസർ	10-08-2024	11-08-2024
ശ്രീമതി. റോസ്‌ലിൻ ജോയ്സൺ	ഐ. സി. ഡി. എസ്. സൂപ്പർവൈസർ	12-08-2024	31-03-2025
ശ്രീ. എസ്. പ്രകാശ്	ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. എസ്, കടമാൻചിറ	01-04-2024	31-05-2024
ശ്രീമതി. പൂജ. വി. സോമൻ	ഹെഡ്മിസ്ട്രസ്സ് - ഇൻ-ചാർജ്ജ്, ഗവ. എൽ. പി. എസ്, കടമാൻചിറ	01-06-2024	11-06-2024
ശ്രീമതി. സുമം സ്കറിയ	ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ. പി. എസ്, കടമാൻചിറ	12-06-2024	31-03-2025
ശ്രീമതി. ദിവ്യ. എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. അജിത് കുമാർ. വി. എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടമുറി സർക്കിൾ	01-04-2024	31-03-2025
ശ്രീമതി. അമൃത. ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൃക്കൊടിത്താനം സർക്കിൾ	01-04-2024	31-03-2025
ഡോ. ശാന്തി മറിയം തോമസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. പ്രമോദ് കുമാർ. കെ. എസ്.	ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025

29/12/2024 മുതൽ 14/01/2025 വരെയുള്ള കാലയളവിൽ, വൈസ് പ്രസിഡന്റ് ശ്രീ. ബിനോയ് ജോസഫ് ന് ബഹു. പ്രസിഡന്റിന്റെ അധിക ചുമതല.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-2
4	മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല	1-1-3
5	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-4
6	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല	1-1-5
7	ബാങ്ക് പലിശയിനത്തിലുള്ള തുകകൾ ഗ്രാന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയില്ല	1-1-6
8	KURDFC വായ്പ തുക നിർദ്ദേശിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല	1-1-7
9	ബി 5 & ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-8
10	ഓഡിറ്റ് റിക്കവറി തുക RP-10 കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല	1-1-9
11	വിവിധ നിക്ഷേപ തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു	1-1-10
12	റസീപ്റ്റ് & പേമെന്റ് ശീർഷകങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നു	1-1-11
13	മുൻകൂർ തുകകൾ ക്രമീകരിച്ചില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗം	1-4
17	വാർഷിക പദ്ധതി അവലോകനം.	1-5
18	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
19	സാമൂഹ്യസുരക്ഷാ പെൻഷനുകൾ	1-7
20	കാഷ് ബാലൻസ് പരിശോധന	1-8
21	കെ-സ്മാർട്ട് അവലോകനം	1-9-1
22	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 2 ലക്ഷത്തിൽപ്പരം രൂപ	1-11
25	70 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ ദീർഘകാലമായി നിലനിർത്തുന്നു	1-12
26	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-13
27	ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യ കെട്ടിടത്തെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു	1-14-1
28	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു	1-14-2
29	വസ്തുനികുതിനിർണ്ണയം -മേൽത്തരം തറനിർമ്മിതിക്ക് ബാധകമായ വർദ്ധനവ് പരിണിച്ചിട്ടില്ല.	1-14-3
30	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നില്ല	1-14-4
31	ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലധികം പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു	1-14-5
32	വസ്തുനികുതി -അടിസ്ഥാന വിവരങ്ങൾ	1-14
33	ടെലിഫോൺ പോളുകളുടെ വാടകയിൽ ഗണ്യമായകുടിശ്ശിക	1-15
34	വിവിധ ആസ്തികളുടെ ലേലം - നടപടികൾ പൂർത്തീകരിച്ചില്ല	1-16
35	ലൈസൻസ് കൂടാതെ ജിംനേഷ്യം പ്രവർത്തിക്കുന്നു	1-17
36	ഓഡിറ്റ് ഇംപാക്ട്-ന്യൂട്രിമിക്സ് വിതരണ സ്ഥാപനത്തിന് ക്രമവിരുദ്ധമായി നല്കിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഒടുക്കി	1-18

37	ലൈഫ് ഭവന നിർമ്മാണ പദ്ധതി - അർഹമായ സബ്സിഡിയിലും അധികം ധനസഹായം അനുവദിച്ചു	1-19
38	പകൽ വീട് പ്രവർത്തനം മാതൃകാപരം	1-20
39	ബഡ്സ് സ്കൂൾ - പ്രവർത്തനം മികച്ചതെങ്കിലും അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത	1-21
40	കൊക്കോട്ടുചിറ ഇൻഡോർ സ്റ്റേഡിയത്തിലെ സോളാർ പദ്ധതി മാതൃകാപരം	1-22
41	ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലാത്ത ക്ഷേത്ര പരിസരത്ത് ലക്ഷങ്ങൾ ചെലവഴിച്ച് ശുചിമുറി സമുച്ചയം നിർമ്മിച്ചു	1-23
42	കൊക്കോട്ടുചിറ കുടിവെള്ള നവീകരണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-24
43	എം സി എഫ് കെട്ടിടനിർമാണത്തിന് സ്ഥലം വാങ്ങൽ- തുടർന്നടപടികൾ പ്രവർത്തനപഥത്തിലെത്തിയില്ല	1-25
44	തുക കൈമാറിയിട്ടും കിളിമല അംഗൻവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല	1-26
45	വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - ഇതര സർക്കാർ ഏജൻസികളിൽനിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പു വരുത്തിയില്ല	1-27
46	ലൈഫ് ഭവന നിർമ്മാണ- ഭവനപുനരുദ്ധാരണ പദ്ധതികൾ - ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല	1-28
47	പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട്-ചെലവഴിച്ച തുകകളുടെ അനുബന്ധരേഖകളില്ല	1-29
48	തുല്യതാ പഠനം- സാക്ഷരതാ മിഷന് കൈമാറിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല	1-30
49	മാങ്കാല കുളം നവീകരണം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ	1-31
50	അനുപൂരക പോഷകാഹാര പദ്ധതി - ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല	1-32
51	പൊതു ടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക കണക്കുകളിലെ അവ്യക്തത പരിഹരിക്കാൻ നടപടികളായില്ല	1- 33
52	ജൽജീവൻ മിഷൻ -അവലോകനം	1-34
53	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-35
	ഭാഗം 2	
1	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു	2-1
	ഭാഗം 3	
1	മാങ്കാല കുളം നവീകരണം-ബെൽറ്റ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി	3-1
2	ലൈഫ് ഭവന നിർമ്മാണ പദ്ധതി - സർക്കാർ പരിധിയിൽ അധികരിച്ച് ധനസഹായം അനുവദിച്ചു	3-2
	ഭാഗം 4	
1	മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം	4-9
10	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.06.2025 തീയതിയിലെ 2-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച്, 25.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 24-10-2025	**ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി

സൂക്ഷിച്ചിട്ടില്ല.

1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം NIL ആണ്.

1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 ബാങ്ക് പലിശയിനത്തിലുള്ള തുകകൾ ഗ്രാന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയില്ല

RP-30/ 320100203 (Health Grant Towards Buildingless Subcentres, PHCs And CHCs) : ബാങ്ക് പലിശയിനത്തിലുള്ള 19,655/- രൂപ ടി കണക്ക് ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.

RP-30/ 320100202 (Health Grant Towards Support For Diagnostic InfraStructure To The PHCs) : ബാങ്ക് പലിശയിനത്തിലുള്ള 2,561/- രൂപ ടി കണക്ക് ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.

RP-30/ 320100204 (Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres) : ബാങ്ക് പലിശയിനത്തിലുള്ള 859/- രൂപ ടി കണക്ക് ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.

RP-30/ 320300199 (Grants, Funds & Contributions For Specific Purposes - Other Government Agencies) : ലൈഫ് സംസ്ഥാന വിഹിതം - ബാങ്ക് പലിശയിനത്തിലുള്ള 10,521/- രൂപ ടി കണക്ക് ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല.

1-1-7 KURDFC വായ്പ തുക നിർദ്ദേശിക്കപ്പെടുന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

RP-31/ 330500201 (Secured Loans - Loan From KURDFC) : KURDFC വായ്പ ഇനത്തിൽ ടി കണക്ക് ശീർഷകത്തിൽ 32,00,000/- രൂപയാണ് റസീപ്റ്റ് ചെയ്തിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകൾ പ്രകാരം, തൻവർഷം വായ്പ ഇനത്തിലുള്ള തുക 59,20,000/- രൂപയാണെന്നിരിക്കെ, ശേഷിക്കുന്ന വായ്പ തുക RP-30/ 320300199 (ലൈഫ് സംസ്ഥാന വിഹിതം) കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടതിനാൽ, ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. ഈ ഓഡിറ്റ് റിപ്പോർട്ടിലെ (ഖ. 4-6) കൂടി കാണുക.

1-1-8 ബി 5 & ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

1-1-9 ഓഡിറ്റ് റിക്കവറി തുക RP-10 കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭ്യമായിട്ടുള്ള 4,20,275/- രൂപ, RP-10/ Other Income കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടില്ല. ഈ ഓഡിറ്റ് റിപ്പോർട്ടിലെ (ഖ. 4-8) കൂടി കാണുക.

1-1-10 വിവിധ നിക്ഷേപ തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം നിലനിൽക്കുന്നു

B-7/ 340100301 (Contractors Retention) : സ്ഥാപനത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം, 01/04/2024 -ലെ മുന്നിരിപ്പിൽ 14,894/- രൂപ അധികം അക്കൗണ്ട് ചെയ്തിട്ടുള്ളതിനാൽ, നീക്കിയിരിപ്പ് തുകയിൽ ടി

തുകയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക, ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

B-7/ 340200101 (Rent Deposit) : സ്ഥാപനത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം, നീക്കിയിരിപ്പ് തുകയിൽ 603/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക, ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-1-11 റസീപ്റ്റ് & പേമെന്റ് ശീർഷകങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നു

RP-30/ 320300199 : ലൈഫ് സംസ്ഥാന വിഹിതം റസീപ്റ്റ് & പേമെന്റ് ശീർഷകങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നു.

1-1-12 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B-18/ Loans, Advances And Deposits ഷെഡ്യൂളിൽ നിലനിൽക്കുന്ന, ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലുള്ള 4,000/- രൂപയും, വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകകളും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ആയത് യഥാവിധി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 14.02.2024 -ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 26.03.2025 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പരിഷ്കരിച്ച ബജറ്റ്
മുന്നിരിപ്പ്	30,73,361/-	48,118,363/-
വരവ്	28,20,93,734/-	283,631,454/-
ആകെ	28,51,67,095/-	331,749,817/-
ചെലവ്	27,88,07,184/-	313,228,908/-
നീക്കിയിരിപ്പ്	63,59,911/-	18,520,909/-

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 214 -(3)-ാം വകുപ്പ് പ്രകാരം ബജറ്റിലെ വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയലിൽ ഇപ്രകാരമുള്ള വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബജറ്റിന് ആധാരമായ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തേണ്ടതും, തുടർ വർഷങ്ങളിൽ സ്ഥാപനത്തിന്റെ ബജറ്റ് പ്രക്രിയയിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക 2024-25

മുന്നിരിപ്പ് (01/04/2024)	19550898/-
ഓഡിറ്റ് വർഷത്തെ വരവ് (Receipt)	109005943/-
ആകെ	128556841/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment)	95156804/-
നീക്കിയിരിപ്പ് (31/03/2025)	33400037/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25

ഓഡിറ്റ് വർഷത്തെ വരുമാനം (Income)	204218621
ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure)	202116350
പ്രവർത്തന മിച്ചം (Gross Surplus)	2102271
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	1894621
അറ്റ പ്രവർത്തനമിച്ചം (Net Surplus)	207650

2024-25 ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	4678
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	84238
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4044500

1-4 ഗ്രാന്റ് വിനിയോഗം

തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിന്റെ, 2024-2025 സാമ്പത്തിക വർഷത്തെ, വിവിധ ഗ്രന്റുകളുടെ അലോട്ട്മെന്റ്, വിനിയോഗം, നീക്കിയിരിപ്പ്/ലാപ്സായ തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ് ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട് (ജനറൽ)	0	2,70,01,000/-	2,70,01,000/-	2,17,95,623/-	52,05,377/-	80.72
വികസന ഫണ്ട് (എസ്. സി. പി)	0	79,17,000/-	79,17,000/-	76,65,756/-	2,51,244/-	96.82
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	77,98,000/-	77,98,000/-	66,21,483/-	11,76,517/-	84.91
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	0	1,08,19,000/-	1,08,19,000/-	68,67,013/-	39,51,987/-	63.47
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	52,03,956/-	* 1,09,32,726/-	1,61,36,682	66,75,912/-	94,60,770/-	41.37
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	13,75,141/-	** 51,69,443/-	65,44,584/-	37,18,411/-	28,26,173/-	56.81
ഹെൽത്ത് ഗ്രാന്റ് (സ്കീം -I) – ബിൽഡിംഗ് ലെസ്സ് സബ്സെന്റേഴ്സ്, പി. എച്ച്. സി & സി. എച്ച്. സി	27,97,392/-	77,934/- (പലിശ)	28,75,326/-	6,46,646/-	22,28,680/-	22.48
ഹെൽത്ത് ഗ്രാന്റ് (സ്കീം-III) – ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ – പി. എച്ച്. സി	3,62,841/-	4,78,833/- (4,67,000 + പലിശ 11,833)	8,41,674/-	3,49,649/-	4,92,025/-	41.54
ഹെൽത്ത് ഗ്രാന്റ് (സ്കീം-IV) –	1,20,088/-	7,31,396/- (7,26,000 +	8,51,484/-	1,14,296/-	7,37,188/-	13.42

കൺവെർഷൻ - ഹെൽത്ത് & വെൽനസ്സ് സെന്റേഴ്സ്		പലിശ 5,396)				
എം. ജി. എൻ. ആർ. ഇ. ജി. എസ് ഗ്രാന്റ്	1,125/-	16,72,608/-	16,73,733/-	16,73,733/-	0	100
ഐ. സി. ഡി. എസ് ഗ്രാന്റ്	37,00,575/-	20,76,728/-	57,77,303/-	12,02,696/-	45,74,607/-	20.81
ലൈഫ് ഭവന പദ്ധതി – സംസ്ഥാന വിഹിതം	6,01,199/-	17,49,217/- (17,30,000 + പലിശ 19,217)	23,50,416/-	9,10,266/-	14,40,150/-	38.72
സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ്	0	5,14,000/-	5,14,000/-	5,14,000/-	0	100
ശുചിത്വ മിഷൻ ഗ്രാന്റ്	2,98,705/-	5,20,900/-	8,19,605/-	5,20,900/-	2,98,705/-	63.55
സമ്പൂർണ ശുചിത്വ കൃാമ്പയിൻ ഗ്രാന്റ് (റ്റി. എസ്. സി)	1,96,518/-	0	1,96,518/-	0	1,96,518/-	0
നിർമ്മൽ പുരസ്കാർ	2,50,000/-	0	2,50,000/-	0	2,50,000/-	0

* **68,23,000/-** (CFC ഗ്രാന്റ്) + **23,83,500/-** {(2024-2025 ലെ ബജറ്റ് പ്രൊവിഷനിൽ നിന്നുള്ള 15-ാം ധനകാര്യ കമ്മീഷൻ അവാർഡിന് കീഴിലുള്ള 2023-2024 ലെ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, G.O. (Rt) നമ്പർ 3299/2024/Fin/ 09.04.2024 പ്രകാരം)} + **17,26,226/-** {(2020-21 ൽ അധികാരപ്പെടുത്തിയതും 2021-22 & 2022-23 ൽ വീണ്ടും അധികാരപ്പെടുത്തിയതുമായ 15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറി അലോട്ട്മെന്റ് അനുവദിച്ചത്, G.O. (Rt) നമ്പർ 4802/2024/Fin/ 18.06.2024 പ്രകാരം & G.O. (Rt) നമ്പർ 2075/2025/ഫിൻ/ 04.03.2025 പ്രകാരം)} = **1,09,32,726/-**

** **45,49,335/-** (CFC ഗ്രാന്റ് + RLB അൺടൈഡ് ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു അംഗീകരിക്കുന്നതിലെ കാലതാമസ ത്തിനുള്ള പലിശ) + **2,29,604/-** {(15-ാം ധനകാര്യ കമ്മീഷന്റെ ചെലവഴിക്കാത്ത ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ അനുവദിച്ചത്, 2020-21-ൽ അധികാരപ്പെടുത്തിയതും 2021-22 & 2022-23-ൽ പുനർഅധികാരപ്പെടുത്തിയതും, G.O. (Rt) നമ്പർ 4802/2024/Fin/ 18.06.2024 & G.O. (Rt) നമ്പർ 2075/2025/Fin/ 04.03.2025 പ്രകാരം)} + **3,90,504/-** (ബാങ്ക് പലിശ: UBI A/C നമ്പർ 720202010006369) = **51,69,443/-**

സ്വച്ഛ് ഭാരത് മിഷനുമായി ബന്ധപ്പെട്ട് 6,82,000/- രൂപ ട്രഷറി മുഖാന്തിരം ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് അലോട്ട്മെന്റിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും, അങ്കണവാടി ഹോണറേറിയത്തിനും, സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഗ്രാന്റ്	അലോട്ട്-മെന്റ്	സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്)	അറ്റ അലോട്ട്മെന്റ്
വികസന ഫണ്ട് GENERAL	2,70,01,000/-	362/25 : 14,89,200/- 363/25 : 7,22,027/- 365/25 : 7,05,314/- ആകെ : 29,16,541/-	2,40,84,459/-

വികസന ഫണ്ട് SCSP	79,17,000/-	364/25 : 21,376/- 366/25 : 38,329/- ആകെ : 59,705/-	78,57,295/-

1) ധനകാര്യ കമ്മീഷൻ ടൈഡ് & അൺ ടൈഡ് ഗ്രാന്റുകളുടെ മുന്നിരിപ്പ് തുകകൾ, സ്ഥാപനത്തിൽ പരിപാലിക്കുന്ന മാനുവൽ എ. സി. ആർ -മായി പൊരുത്തപ്പെടുന്നില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലുള്ള ബന്ധപ്പെട്ട ഗ്രാന്റുകളുടെ നീക്കിയിരിപ്പ്, 2024-2025 വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള തുകകളാണ്, ധനകാര്യ കമ്മീഷൻ ടൈഡ് & അൺ ടൈഡ് ഗ്രാന്റുകളുടെ മുന്നിരിപ്പ് തുകകളായി മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിരുന്ന, ടോയ്ലറ്റ് നിർമ്മാണം എന്ന പ്രോജക്ടിനായി (പ്രോജക്ട് നം. 81/25) ധനകാര്യ കമ്മിഷൻ ടൈഡ് ഗ്രാന്റിൽ നടത്തിയിട്ടുള്ള 61,200/- രൂപയുടെ ചെലവ് (Vhr. No. XVFC/2024-25/P/156/ 29.03.2025), എ. സി. ആർ, സുലേഖ പത്രികകളിൽ പ്രതിഫലിച്ചിട്ടില്ല.

3) ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകളുടെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുകയായ 3,90,504/- രൂപ, ACR, ഗ്രാന്റ് പത്രിക എന്നിവയിൽ വരവായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ, ACR, ഗ്രാന്റ് പത്രികയിലെ അലോട്ട്മെന്റിൽ, ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

5) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്നതും, മുൻ വർഷങ്ങളിൽ ഉൾപ്പെടെ തുടരുകയും ചെയ്യുന്ന, 'നിർമ്മൽ പുരസ്കാർ' ഉൾപ്പെടെയുള്ള വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ യഥാവിധി ചെലവഴിക്കുന്നതിന്/ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും, അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലുമുള്ള, പ്രസ്തുത അപാകതകൾ, ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ടുള്ള, വാർഷിക കണക്കുകളിലെ അപാകതകളായി പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ എന്നിവയ്ക്ക് വിധേയമായിട്ടാണ്, ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

1-5 വാർഷിക പദ്ധതി അവലോകനം.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർണമായോ ഭാഗികമായോ നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
300	257168901	214	92251043	86	71.33

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	10	10	4012114	2627528
വെറ്ററിനനറി സർജൻ	09	09	2621477	1414702
മെഡിക്കൽ ഓഫീസർ (FHC)	13	10	8039903	5581694
മെഡിക്കൽ ഓഫീസർ (Hom)	03	03	360000	348948
മെഡിക്കൽ ഓഫീസർ (ISM)	02	02	917000	877200
VEO	25	19	131610476	23583126

ICDS സൂപ്പർവൈസർ	11	10	7984973	7515589
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	59	29	32060794	15220431
DFI	05	05	4442400	2471003
ഹെഡ്മാസ്റ്റർ, GLPS	08	06	1766115	1398246
അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW	141	100	56883649	25944059
അസിസ്റ്റന്റ് സെക്രട്ടറി	14	11	6470000	5268517
ആകെ	300	214	257168901	92251043

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

ഇനം	തീരുമാന നം./തീയതി
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	18.12.2023
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	28.12.2023, 29.12.2023, 30.12.23, 01.01.2024, 03.01.2024, 04.01.2024, 05.01.2024
ഭിന്നശേഷി ഗ്രാമസഭകൾ	28.12.2023
വയോജന ഗ്രാമസഭകൾ	28.12.2023
വികസന സെമിനാർ	16.01.2024
വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	1(2)/ തീ. 11.02.2024
ഭരണാനുമതി	2(1)/ തീ. 15.03.2024
ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾ-പ്പടെയുള്ള അന്തിമ അംഗീകാരം)	84898/24/DPC/DPO/KTM തീ. 04.03.2025
പ്രൊക്യുവർമെന്റ് കമ്മിറ്റി യോഗങ്ങൾ	19.11.2024, 11.02.2025

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

. ആവിഷ്ക്കരിച്ച 300 പ്രോജക്ടുളിൽ 214 എണ്ണമാണ് നടപ്പിലാക്കാൻ കഴിഞ്ഞത്.

. സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റു തുകകളിൽ MG(NR) ഒഴികെയുള്ളവയുടെ നിശ്ചിത ശതമാനം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട് MG(NR) ചെലവ് ശതമാനം 63% മാത്രമാകയാൽ 18.3 ലക്ഷം രൂപ ഷോർട് ഫോളിനത്തിൽ നഷ്ടമാകുന്നതാണ്. വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

. ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.

. കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച പ്രോജക്ടുകൾ പൂർണമായും നടപ്പാക്കി.

. പേ വിഷബാധ നിയന്ത്രിക്കുന്നതിന് രണ്ടു പ്രോജക്ട് ആവിഷ്ക്കരിച്ചെങ്കിലും നടപ്പാക്കാത്തത് വർദ്ധിച്ചു വരുന്ന തെരുവ നായ ആക്രമണവും അതിന്റെ ഫലമായുള്ള മരണങ്ങളും നടക്കുന്ന ഈ കാലഘട്ടത്തിനു ചേർന്ന നടപടിയല്ല.

. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിപ്രകാരം ന്യൂട്രിമിക്സ് വാങ്ങിയ വേളയിൽ ഒരേ ഇൻവോയ്സിന് രണ്ടു തവണ തുക നൽകിയത് ഗൗരവമേറിയ വീഴ്ചയാണ്. (വിശദ പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക)

. എം.സി.എഫ് കെട്ടിടനിർമാണത്തിന് 45 സെന്റ് സ്ഥലം വാങ്ങാൻ കഴിഞ്ഞത് നേട്ടമാണെങ്കിലും നിർമാണപ്രവർത്തനങ്ങൾക്കുള്ള അനുമതികൾ നിലവിലും ലഭ്യമായിട്ടില്ല.

. വയോജനക്ഷേമത്തിന് വിവിധ പ്രോജക്ടുകൾ- വയോജനങ്ങളുടെ ആരോഗ്യ പരിപാലനം, വയോജനോത്സവം, കട്ടിൽവിതരണം, തുടങ്ങിയ നടപ്പാക്കിയത് ശ്ലാഘനീയം.

. വൃദ്ധർക്കുള്ള പകൽവീട് പ്രവർത്തനം മാതൃകാപരം.

. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മികച്ച പഠനാനുഭവങ്ങൾ പകർന്നു നൽകാനുള്ള പ്രവർത്തനങ്ങൾ പ്രശംസാർഹമാണ്. പരിമിതമായ സ്ഥലസൗകര്യമുള്ള വാടകക്കെട്ടിടത്തിൽനിന്ന് മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള സ്വന്തം കെട്ടിടത്തിലേക്കുള്ള അവരുടെ പുനരധിവാസം കാലവിളംബം കൂടാതെ സാധ്യമാക്കേണ്ടത് സ്വാഭാവികനീതി ഉറപ്പാക്കുന്നതിന് അനിവാര്യം.

. കൊക്കോട്ടുചിറ കുളം അനുബന്ധമായുള്ള പ്രോജക്ടുകൾ- കുടിവെള്ളപദ്ധതി, സ്നാക്സ് സെന്റർ പൂർത്തീകരണം തുടങ്ങിയവ നിർവഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറുന്നതിൽ പരമിതപ്പെട്ടു.

. കൊക്കോട്ടുചിറയിലെ ഇൻഡോർ സ്റ്റേഡിയത്തിനുമുകളിൽ സ്ഥാപിച്ച സോളാർ പാനലുകളിലൂടെ കെ.എസ്.ഇ.ബിയുടെ വൈദ്യുതി ഉത്പാദിപ്പിച്ച് നൽകുക വഴി വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ ലാഭം നേടിയതും മികച്ച പദ്ധതി പ്രവർത്തനം.

. വനിതകൾക്കായി ആടു വിതരണം, ക്യാൻ കോട്ടയം, യോഗ പരിശീലനം, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ, അവരുടെ കലാമേള തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാനായി. എന്നാൽ ഗുണഭോക്താക്കളുടെ വിമുഖത മൂലം എട്ടു ലക്ഷത്തിലധികം വകയിരുത്തിയ മെൻസ്ട്രുവൽ കപ്പ് വിതരണം നാമമാത്ര തുകയിലൊതുങ്ങി.

. കിളിമല അംഗൻവാടി നിർമാണത്തിന് ഗ്രാമപഞ്ചായത്തുവിഹിതമായ ആറു ലക്ഷം (രണ്ടു ലക്ഷം വികസന ഫണ്ട് + നാലു ലക്ഷം തനതുഫണ്ട്) ദേശീയ തൊഴിലുറപ്പു പദ്ധതി വിഹിതം എട്ടു ലക്ഷം ഉൾപ്പടെ പതിനാലു ലക്ഷം രൂ MGNREGS മിഷന് കൈമാറിയിട്ടുണ്ടെങ്കിലും ടെൻഡർ നടപടികൾപോലും പൂർത്തിയായിട്ടില്ല.

. ഭവന നിർമാണ മേഖലയിൽ ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും പേർ കരാറനുസരിച്ച് ഗൃഹ നിർമാണവും ഭവന നവീകരണവും പൂർത്തീകരിച്ചിട്ടില്ല.

. ലൈഫ് ഭവന പദ്ധതിപ്രകാരം ചില ഗുണഭോക്താക്കൾക്ക് സബ്സിഡി പരിധിയിൽ അധികം സഹായം അനുവദിച്ചു.

. ലൈഫ്-ഭൂരഹിത ഭവന രഹിത പുനരധിവാസത്തിനായി ഒന്നേകാൽ കോടിയിലധികം രൂപ ചെലവഴിച്ചത് ഈ മേഖലയിലെ മികച്ച പ്രവർത്തനമാണ്.

. നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖയില്ലാത്തതിനാൽ മുൻവർഷം വിവിധ ഏജൻസികൾക്ക് കൈമാറിയ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.

. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ 72 ഗ്രാമീണ റോഡുകളുടെ വിവിധ റീച്ചുകളുടെ നവീകരണം, 9 റോഡുകളുടെ റീടാറിംഗ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

. ഘടക സ്ഥാപനങ്ങളായ കുടുംബാരോഗ്യ സബ്സെന്ററുകളുടെ നിർമാണം, അംഗൻവാടികളുടെയും സ്കൂളുകളുടെയും നവീകരണം എന്നിവ ഏറ്റെടുത്ത പ്രോജക്ടുളിൽ ഉൾപ്പെടുന്നു.

. ഉടമസ്ഥാവകാശമില്ലാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള തൃക്കൊടിത്താനം മഹാദേവ ക്ഷേത്രത്തിൽ ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയംനിർമിച്ചതും അതിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ തുടർ പ്രോജക്ടുകൾ ഏറ്റെടുത്തതും ക്രമപ്രകാരമല്ല.
അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷ വരവു-ചെലവു സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	1125
വരവുകൾ ഭരണച്ചെലവുകൾക്കുള്ള ഫണ്ട്	1671500
EFMS മുഖേനയുള്ള വേതന-സാധന വരവുകൾ	21550683
ബാങ്ക് പലിശ	1108
തനതു ഫണ്ടിൽനിന്നുള്ള മുൻകൂർ	1315427
ഒട്ടാകെ	24539843
EFMS മുഖേനയുള്ള വേതന-സാധന ചെലവുകൾ	21550683

ഭരണച്ചെലവുകൾ	1315427
ബാങ്ക് ചാർജ്	88.50
തനതു ഫണ്ടിൽനിന്നുള്ള മുൻകൂർ തിരികെ ക്രമീകരിച്ചത്	1673644
നീക്കിയിരിപ്പ്	00

1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

2024-25 വർഷം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി 8.01 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0/-	0
വാർദ്ധക്യകാലപെൻഷൻ	49,747,300/-	3391
കർഷകതൊഴിലാളി പെൻഷൻ	5,085,200/-	308
വിധവാപെൻഷൻ	19,018,100/-	1240
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	492,200/-	32
വികലാംഗപെൻഷൻ	5,629,300/-	333
വിവാഹ ധനസഹായം	150,000/-	5
ആകെ	80,122,100	5,309

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 11.08.2025 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 12,253/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9-1 കെ-സ്മാർട്ട് അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമാണ് കെസ്മാർട്ട്. കെ-സ്മാർട്ടിന്റെ പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കി .കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയ കെ-സ്മാർട്ടിന്റെ സേവനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കിയതോടെ 87 മുനിസിപ്പാലിറ്റികൾക്കും 6 കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ല പഞ്ചായത്തുകളിലും കെ-സ്മാർട്ടിന്റെ സേവനങ്ങൾ ലഭ്യമായിത്തുടങ്ങി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്കു ലഭ്യമാകുന്നതിനായുള്ള ഓൺലൈൻ സേവനമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു. കൂടാതെ അപേക്ഷകളും പരാതികളും കൈപ്പറ്റിയതിന്റെ രസീത് പരാതിക്കാരന്റെ അല്ലെങ്കിൽ അപേക്ഷകന്റെ വാട്സ്ആപ്പിലും, ഇ-മെയിലിലും ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനത്തിലൂടെ അയച്ച് കൊടുക്കുകയും ചെയ്യുന്നു. കെ-സ്മാർട്ടിലൂടെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്, ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. കൂടാതെ സ്മാർട്ട് ഫോൺ ആപ്ലിക്കേഷനിൽ ഫോൺ നമ്പരും OTP- യും നൽകിയും ലോഗ് ഇൻ ചെയ്യാം. ബ്ലോക്ക് ചെയിൻ, നിർമ്മിത ബുദ്ധി, ജി.ഐ.എസ്/ സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വിവിധ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള എ.പി.ഐ ഇന്റെഗ്രേഷൻ എന്നീ സാങ്കേതിക വിദ്യകളെ

ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.
ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ- സ്മാർട്ടിലൂടെ ലഭ്യമാകുന്നത്. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെവൈസിയും പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. കെ-സ്മാർട്ട് മൊബൈൽ ആപ്പിലുടെയും വെബ് പോർട്ടലിലുടെയും ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും. ജീവനക്കാർക്ക് തുടക്കത്തിൽ ശരിയായ പരിശീലനം കിട്ടാത്തതിനാലുണ്ടായ ബുദ്ധിമുട്ട് ഒഴിച്ചാൽ നിലവിൽ നല്ല രീതിയിൽ കെ-സ്മാർട്ടിനെ പഞ്ചായത്ത് പ്രയോജനപ്പെടുത്തി വരുന്നു.തൊഴിൽ നികുതി അടക്കമുള്ള ഏതാനും മൊഡ്യൂളുകൾ കൂടി നിലവിൽ ആക്റ്റീവ് ആകാൻ അവശേഷിക്കുന്നുണ്ട്. ആക്റ്റീവ് ആകാൻ അവശേഷിക്കുന്ന മൊഡ്യൂളുകളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ട്. ഈ മൊഡ്യൂളുകൾ കൂടി ആക്റ്റീവ് ആകുന്നതോടെ മാത്രമേ K-സ്മാർട്ട് അതിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുകയുള്ളു. ILGMS നെ അപേക്ഷിച്ച് കൂടുതൽ യൂസർ ഫ്രണ്ട്ലി സോഫ്റ്റ്വെയറാണെന്നുള്ളതും ആധാർ ബെയ്സ്ഡ് ലോഗിൻ സിസ്റ്റമായതിനാൽ കൂടുതൽ സുരക്ഷിതമാണെന്നുള്ളതും K സ്മാർട്ടിന്റെ എടുത്തു പറയേണ്ട മേന്മകളാണ്. വസ്തുനികുതി ഡേറ്റാബേസിനെ പ്രത്യേക മൊഡ്യൂളാക്കി കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി ഡേറ്റാ കൈകാര്യം ചെയ്യുന്നത് ഈ വിഷയത്തിലെ നടപടികൾ സുതാര്യമാക്കും. കെട്ടിട നമ്പർ, അനുബന്ധ ഡേറ്റ എന്നിവ മറ്റുള്ള നികുതി-നികുതിയേതര ഇനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് വരവുകളുടെ ഡേറ്റയുമായി ബന്ധിപ്പിക്കാവുന്നതും കെട്ടിടങ്ങളിൽ വിവിധ കാലയളവുകളിൽ വരുത്തുന്ന രൂപ മാറ്റം/അധിക നിർമാണം (ഉദാ. പഠനമുറി നിർമാണം പോലുള്ളവ) ഡേറ്റാ ബേസിൽ പ്രതിഫലിക്കുന്ന രീതിയിൽ ഡേറ്റാ ബേസ് Status Auto Updation ആകുന്ന രീതിയിൽ മൊഡ്യൂളിൽ ക്രമീകരണം വരുത്താവുന്നതുമാണ്.
അപാകതകൾ പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും വേഗത്തിലുമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമാകുന്ന സംവിധാനമെന്ന നിലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന അപാകതകളും, ജീവനക്കാരും പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി ഐകെഎം-ൽ റിപ്പോർട്ട് ചെയ്ത് ആയവ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) ബഹു. പ്രസിഡന്റ് ഉൾപ്പെടുന്ന ഇരുപത് അംഗ ഭരണസമിതിയും, സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ചേർന്ന്, ഗ്രാമ പഞ്ചായത്തിന്റെ ഭരണനിർവ്വഹണം ഏകോപിപ്പിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി 2024-2025 സാമ്പത്തിക വർഷത്തിൽ, ഭരണസമിതി '28' തവണയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ '62' തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ അംഗീകരിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ, തുടർയോഗങ്ങളിൽ നടത്തിയതായി മിനിട്സിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി, തൻവർഷം '04' യോഗങ്ങൾ ചേർന്നിട്ടുണ്ട്.

2) ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്.

3) K Smart വെബ് പോർട്ടൽ സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിലും പുരോഗതിയും കാര്യക്ഷമതയും ഉണ്ടായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുവാൻ ശേഷിക്കുന്ന ഫയലുകളിലും, പാർക്ക് ചെയ്തിട്ടുള്ള ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം

സ്വീകരിച്ചുവരുന്നത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ, ഈ റിപ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

5) ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം ബഹു. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം കൃത്യമായി ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്.

6) സർചാർജ്ജും സർവീസ് സെസ്സും ഉൾപ്പെടെ തൻവർഷം, വസ്തു നികുതിയിനത്തിൽ 99.81 ലക്ഷം രൂപ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷാവസാനം, സർവീസ് സെസ്സ് ഉൾപ്പെടെ വസ്തു നികുതിയിനത്തിൽ 33.01 ലക്ഷം രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

7) അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്ക്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും, ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

8) 2000-01 & 2001-02, 2008-09 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമല്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

10) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ, ഈ റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. സാമ്പത്തിക വർഷാവസാനം എല്ലാ കണക്ക് ശീർഷകങ്ങളുടെയും സംഗ്രഹം രേഖപ്പെടുത്തി ക്രമപ്പെടുത്തേണ്ടതാണ്. KURDFC വായ്പ തുകയുടെ വിനിമയം വീക്ഷിക്കുന്നതിനായി പ്രത്യേക ലോൺ രജിസ്റ്റർ അക്കൗണ്ടിംഗ് സെക്ഷനിൽ പരിപാലിക്കേണ്ടതാണ്. നിലവിൽ മാനുവൽ എ. സി. ആർ -ന്റെ ഒരു ഭാഗമായി രേഖപ്പെടുത്തൽ വരുത്തി തുടരുകയാണ് ചെയ്യുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടമുറി സർക്കിൾ) -ന്റെ രജിസ്റ്ററുകളും ഫയലുകളും, കൂടുതൽ കൃത്യതയോടും അടുക്കും ചിട്ടയോടും കൂടി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി, അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് നം./ തീയതി
അക്കൗണ്ടന്റ് ജനറലിന്റെ	12/09/2018 മുതൽ	2014-15 മുതൽ 2017-	LBA(HQ)II/I/08/A-102 /2018-19/223

ഓഡിറ്റ്	22/09/2018 വരെ	18 വരെ	
പെർഫോമൻസ് ഓഡിറ്റ്	08/01/2022	04/2021 – 06/2021	സ. ഉ. (എം. എസ്) നം. 188/2015/ തസ്വഭവ/ 08.06.2015 (ഫാറം - ബി) പ്രകാരമുള്ളത്

1-11 റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 2 ലക്ഷത്തിൽപ്പരം രൂപ

സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ(എം)എസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റ് 2,40,63,900/- രൂപയാണ്. 2024-25 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90% നേട്ടം കൈവരിക്കാതിരുന്നത് മുൻനിർത്തി പ്രസ്തുത തുകയിൽനിന്ന് 2,40,639/- രൂപ സർക്കാർ തൻവർഷത്തെ അലോട്ട്മെന്റിൽ കുറവു വരുത്തുന്നതാണ്. ലഭ്യമായ വരുമാനസ്രോതസുകളിൽ നിന്നുള്ള നികുതി വരുമാനം പൂർണമായി പിരിച്ചെടുക്കാതെ സർക്കാർ ഗ്രാന്റ് കൂടി നഷ്ടപ്പെടുത്തിയ സാഹചര്യം പിരിവ് വിഭാഗം ജീവനക്കാരുടെയും, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-12 70 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ ദീർഘകാലമായി നിലനിർത്തുന്നു

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ പണമിടപാടുകൾ നിയന്ത്രിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള 2 കറന്റ് അക്കൗണ്ടുകളിൽ വലിയ തുക നാളുകളായി നിലനിർത്തിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് ശാഖ	അക്കൗണ്ട് നം.	അക്കൗണ്ടിന്റെ ഉദ്ദേശ്യം	നീക്കിയിരിപ്പ് ( ) (31-07-2025 വരെയുള്ള ബാങ്ക് രേഖകൾ പ്രകാരം)
SBI തൃക്കൊടിത്താനം	00000067385965598	ഇ-പേമന്റ് (IKമുഖേന)	4096567/-
സൗത്ത് ഇന്ത്യൻ ബാങ്ക് തൃക്കൊടിത്താനം	0452073000012718	ഫ്രണ്ട് ഓഫീസ് (ഡിജിറ്റൽ പേയ്മെന്റ്)	2994017/-
ആകെ			7090584/-

31-07 -2025 വരെയുള്ള പാസ് ബുക്ക് രേഖപ്പെടുത്തലുകൾ ഇപ്രകാരം 70 ലക്ഷത്തിലധികം രൂപ പലിശ രഹിത അക്കൗണ്ടുകളിൽ തുടരുകയാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ദീർഘകാലം പലിശ രഹിത അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇതിനോടകം തന്നെ ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് പലിശയിനത്തിലും ബാങ്ക് ചാർജ് ഇനത്തിലും നഷ്ടമായിട്ടുണ്ട്.

1996-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം-4 ൽ പഞ്ചായത്തിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ മിച്ച ഫണ്ട് സ്ഥിരനിക്ഷേപമാക്കിയോ തുടർച്ചയായി ചെലവഴിക്കുന്ന സാഹചര്യങ്ങളിൽ പലിശയുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയോ സൂക്ഷിക്കേണ്ടതും പലിശ വരുമാനം ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയം അടിയന്തിര പരിഹാര നടപടികൾക്കായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.ഗ്രാമപഞ്ചായത്തിലെ സ്ഥാപന തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തി ഡിമാന്റ് നിർണയിച്ച് വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തന്മൂലം സ്ഥാപനങ്ങൾ നികുതി ബാധ്യതയിൽനിന്ന് ഒഴിവാകുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.എന്നാൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	സ്ഥാപനം	2024-25 നികുതി ഒടുക്കാത്ത അർദ്ധവർഷം
1	മണി വെയ് ഫിനാൻസ്	1 & 2

2.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം	2024-25 നികുതി ഒടുക്കാത്ത അർദ്ധ-വർഷം
1	തൃക്കൊടിത്താനം ദേവസ്വം	2
2	A.V.M ഫ്യുൽസ്	2
3	സെന്റർ ബസാർ	1
4	മാതാ കംപ്യൂട്ടേഴ്സ് തൃക്കൊടിത്താനം	1 & 2
5	മണി വെയ് ഫിനാൻസ്	1&2
6	ജെസ്സിക്ക ബിഗ് ഷോപ്പി ഹൈപ്പർ മാർക്കറ്റ്	1&2
7	ശ്രീ ഭദ്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ	1&2

3.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയതായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.9/14.08.2025) സമർപ്പിച്ച മറുപടിയിൽ, ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി

നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന്റെ അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഈടാക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനും, തൊഴിൽ നികുതി (ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനുമൊപ്പം ഖണ്ഡികയിൽ പരാമർശിക്കുന്ന മറ്റ് അപാകതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14-1 ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യ കെട്ടിടത്തെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിലെ 2024-25 സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി നികുതി നിർണ്ണയിച്ചതു മൂലം വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരേ ഉപയോഗക്രമത്തിൽ വ്യത്യസ്ത നമ്പറുകൾ നൽകുന്ന സാഹചര്യത്തിൽ ആകെ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം നിരക്ക് നിർണയിക്കേണ്ടത് . എന്നാൽ ജോർജ്ജ്(പോളക്കുളം,തൃക്കൊടിത്താനം), എന്നയാളുടെ ചുവടെ ചേർത്തിരിക്കുന്ന വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100 ച. മീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടങ്ങളുടെ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	ആകെ വിസ്തീർണ്ണം (ച.മീ.)	സഞ്ചയ പ്രകാരം നികുതി നിർണയിച്ച ഉപയോഗക്രമം	നികുതി നിർണയിക്കേണ്ടിയിരുന്ന ഉപയോഗക്രമം
1	7/466A-E,466H	ജോർജ്ജ് (പോളക്കുളം, തൃക്കൊടിത്താനം)	221.91	വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ 100 ച.മീ. വരെയുള്ളവ	വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ 100 ച.മീ. മുകളിൽ 500 ച .മീ വരെയുള്ളവ

നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 06/14.08.2025) സമർപ്പിച്ച മറുപടിയിൽ വസ്തുനികുതി നിർണയിച്ച വേളയിൽ സംഭവിച്ച ക്ലെറിക്കൽ പിശകുമൂലമാണ് അപാകത സംഭവിച്ചതെന്നും കെട്ടിട ഉടമയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകി കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-14-2 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വസ്തുനികുതി സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണയത്തിൽ കുറവ് വന്നതായി കാണുന്നു. 300 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ 300 ച.മീ താഴെ പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിൽപ്പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നമ്പർ/ കെട്ടിട നമ്പർ	അസസ്സ്-മെന്റ് ചെയ്ത തീയതി	വിസ്തീ-ർണ്ണം (ച.മീ.)	കെട്ടിട ഉടമയുടെ പേരും വിലാസവും	നിർണ്ണയിക്കേണ്ട വസ്തു നികുതി				സഞ്ചയ പ്രകാരം നിർണ്ണ-യിച്ച വസ്തു നികുതി (8.4) രൂപ/ ച.മി)	കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടു ത്താതെ)
					അടി-സ്ഥാന വസ്തു നികുതി (10.5 രൂപ/ ച.മീ)	വർദ്ധനവ്	ഇളവ്	ആകെ		
1	7/479E	01/02/2024	443.2	ആന്റണി തോമസ്, പഴയചിറ, തൃക്കൊടി-ത്താനം	4654	1629 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	6283	5027	1256
2	8/67C	18/03/2024	418.17	റോയി മാത്യു, പറഞ്ഞാട്ട്, തൃക്കൊടി-ത്താനം	4391	1098 (തറ നിർമിതി -15%+A/C-10%)	439 (മേഖല-10%)	5050	4041	1009
3	14/8A	20/12/2023	438.68	രഞ്ജിത്ത്. പി. ജോൺ പതാരംചിറ വടക്കേൽ, തൃക്കൊടി-ത്താനം	4606	1612 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	6218	4975	1243
4.	14/159A	12/03/2024	412.89	ഇന്ദു ജോർജ്ജ്, കുമരങ്കേരിൽ, തൃക്കൊടി-ത്താനം	4335.3	1517.3 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	5853	4683	1170
ആകെ കുറവ്										**4678/-**

നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 06/14.08.2025) സമർപ്പിച്ച മറുപടിയിൽ അപാകത പരിഹരിച്ച് നികുതി ഈടാക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-14-3 വസ്തുനികുതിനിർണ്ണയം -മേൽത്തരം തറനിർമ്മിതിക്ക് ബാധകമായ വർദ്ധനവ് പരിണിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 2024-25 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ്/കെട്ടിട നം.	ഉപയോഗ ക്രമം (അടിസ്ഥാന നികുതി നിരക്ക്)	വിസ്തീ-ർണ്ണം (ച.മീ.)	തറയുടെ തരം	അടിസ്ഥാന നികുതി	നൽകേണ്ട വർദ്ധനവ് (15%)
അനൂപ് കൃഷ്ണൻ	12/78 B-S	വാണിജ്യാ-വശ്യം 100	497.38	ഇറ്റാലിയൻ മാർബിൾ,	36557	5483

	(ചിറക്കുന്നേൽ തോട്ടത്തിൽ, കങ്ങഴ പി ഒ,		ച.മീറ്റർ മുകളിൽ (73.5/ച.മീ)		ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ (100%)		

250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന്റെ നികുതി വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കെട്ടിടത്തിനു മുഴുവനായും നൽകുന്നതിനുള്ള സോഫ്റ്റ്വെയർ ക്രമീകരണങ്ങൾ IKM നൽകാത്തതിനാലാണ് അപാകതയുണ്ടാകുന്നത്. ഈ വിഷയത്തിലുള്ള സോഫ്റ്റ്വെയർ അപാകത IKM വഴി നടപടി സ്വീകരിച്ച് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അതിനു ശേഷം 2024-25 ൽ നികുതി നിർണ്ണയിച്ച ഈ ഗണത്തിൽ വരുന്ന മുഴുവൻ കെട്ടിടങ്ങൾക്കും 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധനവ് ഉൾപ്പെടെയുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14-4 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരുത്തിയ ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ)) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ)2/2023 നമ്പർ വിജ്ഞാപനം) "കേന്ദ്ര-സംസ്ഥാന സർക്കാർ വകയോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും വസ്തുനികുതി നാളിതുവരെ ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല

I).എസ് എച്ച് പബ്ലിക് സ്കൂൾ കിളിമല

Ii).ശ്രീ ഭദ്ര വിദ്യ മന്ദിർ,കണിയാംപടി

Iii) മർക്കസ് പബ്ലിക് സ്കൂൾ

മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നൽകിയിരുന്നു (നം.06/14.08.2025). പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14-5 ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലധികം പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

I) ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം	വാർഡ്/ കെട്ടിട നം.	പേര്/വിലാസം
1	1/427A 1/428B	സുനിൽ.പി.പി, പുളിക്കശ്ശേരി, തൃക്കൊടിത്താനം,
2	15/356B 15/356C	ഇന്ദിര, ഉരുളേപ്പറമ്പിൽ, തൃക്കൊടിത്താനം

II) സ.ഉ.(എം.എസ്).നം 242/2013/ ത.സ്വ.ഭ.വ തീയതി 02.07.2013, സ.ഉ.(കൈ)നം.106/17/ത.സ്വ.ഭ.വ തീയതി 26.05.2017 എന്നിവ പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് തറവിസ്തീർണം 2000 ചതുരശ്ര അടിയിൽ അധികരിക്കാത്ത ഒരു വീടിന് മാത്രം ഇളവ് അനുവദിക്കാവുന്നതും 2000 ചതുരശ്ര അടിയിൽ കൂടുതലായി വരുന്ന വിസ്തീർണത്തിന് മാത്രം അതത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ

ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇപ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട.നം	നികുതി ഇളവ് നൽകിയ കാലയളവ്	പേര് /വിലാസം
1	12/355B	2023 രണ്ടാം അർദ്ധ വർഷം മുതൽ	ജോസഫ് ചെറിയാൻ പഴയചിറ, തൃക്കൊടിത്താനം, കോട്ടമുറി
	12/354B	2024 ഒന്നാം അർദ്ധ വർഷം മുതൽ	
2	8/123C	2019 ഒന്നാം അർദ്ധ വർഷം മുതൽ	എം.വി.പദ്മിനി, മംഗലപ്പള്ളിൽ, കോട്ടമുറി
	8/124A	2013 ഒന്നാം അർദ്ധ വർഷം മുതൽ	

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.8/10.06.2025) സമർപ്പിച്ച മറുപടിയിൽ, അധികമായി അനുവദിച്ച ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നു സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-14 വസ്തുനികുതി -അടിസ്ഥാന വിവരങ്ങൾ

സഞ്ചയ വസ്തുനികുതി സോഫ്റ്റ്വെയർ പ്രകാരം 2025 മാർച്ച് മാസം വരെ പഞ്ചായത്തിൽ ആകെ 13919 കെട്ടിടങ്ങളാണ് വസ്തുനികുതി നിർണയിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 11773 പാർപ്പിടകെട്ടിടങ്ങളും 2139 പാർപ്പിടേതര കെട്ടിടങ്ങളും .7 മൊബൈൽ ടവറുകളും ഉൾപ്പെടുന്നു.
വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച്-ബഹു കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 05/04/2023 തീയതിയിലെ ഉത്തരവ് നമ്പർ സ.ഉ(അച്ചടി)നമ്പർ-25/2023/എൽ.എസ്.ജി.ഡി പ്രകാരവും എസ് ആർ ഒ നമ്പർ 479/2023 ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലും നിശ്ചയിച്ച തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ പ്രധാനപ്പെട്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു

ക്രമ നം.	ഉപയോഗക്രമം	നിരക്ക് (രൂപ/ ച.മീ)
1.	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	
	I) 300 ച.മീ. വരെയുള്ളവ	8
	Ii) 300 ച.മീറ്ററിന് മുകളിലുള്ള	10
2	വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ	7
3	മൊബൈൽ ടെലഫോൺ ടവർ	600
4	വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ	
	I) 100 ച.മീ. വരെയുള്ളവ	50
	Ii) 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ	70
	Iii) 500 ച. മീറ്ററിന് മുകളിലുള്ളവ	90
5	ആശുപത്രി	25
6	അസംബ്ലി (കൺവെൻഷൻ ബിൽഡിംഗ് കല്യാണ മണ്ഡപം ഉൾപ്പെടെ) ആഡിറ്റോറിയം,	30

	സിനിമാ തിയേറ്റർ, സെന്ററർ, തുടങ്ങിയവ	

വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ 1065378/- രൂപയും മുൻവർഷങ്ങളിലെ 1445454 /-രൂപയും(സഞ്ചയ പ്രകാരം) നിലവിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ഡിമാൻഡ് (സേവന ഉപനികുതി ഉൾപ്പെടെ)	കളക്ഷൻ	ബാലൻസ്	നികുതി പിരിവ് ശതമാനം
തനതുവർഷം (2024-25)	10,448,198	9,382,820	1065378	90
കുടിശ്ശിക	2,043906	598452	1445454	29.2
ആകെ	12492104	9981272	2510832	79.9

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ സഞ്ചയ സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-15 ടെലിഫോൺ പോളുകളുടെ വാടകയിൽ ഗണ്യമായകുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുകളിൽ പിറ്റുകൾ നിർമിച്ച് ജി.ഐ പോളുകൾ സ്ഥാപിക്കുന്നതിന് Jio Digital Fibre Pvt. Ltd എന്ന സ്ഥാപനത്തിന് വിവിധ കാലയളവുകളിൽ ഭരണസമിതി അനുമതി നൽകിയിരുന്നു. ലഭ്യമായ കണക്കുകൾപ്രകാരം ആകെ 224 പോളുകളാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് വിജ്ഞാപനപ്രകാരം ഒരു പോളിന് 360 രൂപയാണ് പ്രതിവർഷ വാടക നിരക്ക്. പ്രസ്തുത വാടകയിൽ 5% വാർഷികവർദ്ധനവ് ഉൾപ്പെടെയാണ് തുടർന്നുള്ള വർഷത്തെ വാടക നിശ്ചയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ളത്. അഞ്ചു വർഷത്തെ വാടക മുൻകൂറായി ഒടുക്കിയതിനാൽ ഓരോ വർഷവുമുള്ള 5% വർദ്ധനവിന് ആനുപാതികമായ തുക യഥാസമയം ലഭിക്കാത്തതാണ് കുടിശ്ശികയുടെ കാരണം. നിലവിൽ ഇവയുടെ വാടക ഇനത്തിൽ 53,396/- രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	പോൾ സ്ഥാപിച്ചിരിക്കുന്ന റോഡ്	പോളു-കളുടെ എണ്ണം	വാടക കുടിശ്ശിക (31.03.2025 വരെ)
1	മാലൂർ മൂന്നാം മൈയിൽ റോഡ് മുതൽ കൊടിനാട്ടുകുന്നു ചൂളപ്പടി റോഡ് വരെ	103	9517
2	കൊടിനാട്ടുകുന്ന് കൈലാത്തുപടി റോഡ്	17	4567
3	കിളിമല എസ് എച്ച് സ്കൂൾ-കവിയൂർ റോഡ്	104	39312
ആകെ			**53,396/- + GST**

മേൽ സ്ഥാപനവുമായി ചമച്ച വാടക കരാർ, കുടിശ്ശികയുടെ സാഹചര്യം, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം 07/14.08.2025) സമർപ്പിച്ച മറുപടിയിൽ, കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജിയോ ഡിജിറ്റൽ ഫൈബർ എന്ന സ്ഥാപനവുയമായി നിലവിൽ ഗ്രാമപഞ്ചായത്ത് യാതൊരുവിധ വാടകകരാറുകളിലും ഏർപ്പെട്ടിട്ടില്ല. വാടകകരാറുകളുടെ പിൻബലമില്ലാതെ ഇത്തരം വലിയ വാടക ഇടപാടുകൾ നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സമ്പത്തികതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് തടസ്സമാകാൻ സാധ്യതയുണ്ട്. ആയതിനാൽ അടിയന്തിരമായി ടി സ്ഥാപനവുമായി വാടകകരാർ ചമക്കേണ്ടതും വാടകകുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 വിവിധ ആസ്തികളുടെ ലേലം - നടപടികൾ പൂർത്തീകരിച്ചില്ല

പഞ്ചായത്ത് ആസ്തി കളുടെ ലേലവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
1.തൃക്കൊടിത്താനം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്തിരിക്കുന്ന ആസ്തികളുടെ ലേലം 04.09.2023, 10.10.2023, 15.11.23, 23.12.2023, 03.02.2024, 17.02.2024, 01.11.2024, 25.11.24 എന്നീ തീയതികളിൽ നടന്നുവെങ്കിലും ലേലത്തിൽ ആരും തന്നെ പങ്കെടുത്തതിനാൽ അവ ലേലം ചെയ്തുനൽകുവാൻ സാധിച്ചിട്ടില്ല.ആസ്തികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.

നമ്പർ	ഇനം	വ്യാപ്തം (ക്യൂബിക് മീറ്റർ)	സ്ഥലം	നിരതദ്രവ്യം
1	മാവ്	തടി 1.889, വിറക് 1.469	ഗവ എൽ പി എസ് കടമാൻചിറ	1000
2	മാവ്	തടി 1.661, വിറക് 1.261		
3	മാവ്	തടി 3.721, വിറക് 3.432		
4	പെരുമരം	തടി0.552, വിറക് 0.443	വാർഡ്-7 കുന്നുംപുറം റോഡ് അരികിൽ നിൽക്കുന്ന മരങ്ങൾ	500
5	പെരുമരം	തടി1.352, വിറക്1.309		
6	ആഞ്ഞിലി	തടി 0.689, വിറക് 1.477	വാർഡ് 1-ഉറവകുളം ശ്മശാനം	1000
7	ആഞ്ഞിലി	തടി 0.294, വിറക്0.924		
8	മഴമരം	തടി 0.8, വിറക് 0.618		

9	മഴമരം	.048	കൊക്കോട്ടുചിറ പാർക്കിൽ വെട്ടിയിട്ടിരിക്കുന്ന ശിഖിരങ്ങൾ	1000
10	മഴമരം	0.075		
11	മഴമരം	0.056		
12	മഴമരം	0.068		
13	മഴമരം	0.029		
14	മഴമരം	0.064		
15	മഴമരം	0.024		
16	മഴമരം	0.024		
17	മഴമരം	0.07		
18	മഴമരം	0.05		
19	മഴമരം	0.075		
20	മഴമരം	0.068		
21	മഴമരം	0.05		
22	മഴമരം	0.055		
23	മഴമരം	0.101		
24	മഴമരം	0.135		
25	മാവ്	തടി 2.605, വിറക് 2.219	ഗവ. എൽ. പി. എസ്. കടമാൻ ചിറയിൽ വെട്ടിയിട്ടിരിക്കുന്ന 1 മാവ്, 1 പ്ലാവ്	1000
26	പ്ലാവ്	തടി 1.061, വിറക് 0.704		
27	തേക്ക്	തടി1.305, വിറക് 0.962	വാർഡ്- 17 പുറമ്പോക്കിലെ, മരങ്ങൾ	2500
28	മഹാഗണി	തടി 1.503, വിറക് 1.554		
29	മഹാഗണി	തടി 0.674, വിറക് 0.515		
30	ആഞ്ഞിലി	തടി 0.465, വിറക് 1.196		
31	പ്ലാവ്	തടി 0.257, വിറക് 0.071		
32	പ്ലാവ്	തടി 0.396, വിറക് 0.17		
33	പ്ലാവ്	തടി 0.547, വിറക് 0.279		
34	തെങ്ങ്	ചുറ്റളവ് 75 Cm		

സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ടി ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അനേഷണക്കുറിപ്പിന് (നം. 08/14.08.2025) ലഭിച്ച മറുപടിയിൽ ലേലം നിരവധി തവണനടന്നുവെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല എന്നും ആസ്തികൾ അതാതു സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.വനം- വന്യജീവി വകുപ്പിന്റെ 13.12.2024-ലെ ജി.ഒ(ആർ.ടി) 526/2024 നമ്പർ ഉത്തരവ്

1-17 ലൈസൻസ് കൂടാതെ ജനറേഷൻ പ്രവർത്തിക്കുന്നു

പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ഗ്രാമപഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നതാണ് കണ്ടെത്തിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരമുള്ള നിയമം വകുപ്പ് 203 പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ചിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/18.08.2025) സമർപ്പിച്ച മറുപടിയിൽ സ്ഥാപനം പ്രവർത്തിച്ചുപോരുന്ന കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലനിൽക്കുന്നതിനാലാണ് ലൈസൻസ് അനുവദിക്കാൻ സാധിക്കാത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധമാകയാൽ കെട്ടിടത്തിന്റെ ക്രമവൽക്കരണ, നികുതി നിർണയ, ലൈസൻസ് അനുവാദ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ഓഡിറ്റ് ഇംപാക്ട്-ന്യൂട്രിമിക്സ് വിതരണ സ്ഥാപനത്തിന് ക്രമവിരുദ്ധമായി നല്കിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഒടുക്കി

പ്രോജക്ട്	എസ്0007/25, അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി
അടങ്കൽ	29,00,000/-
ചെലവ്	2796838/-
ഫണ്ടിനം	വികസനഫണ്ട്-ജനറൽ – 800000/- കേന്ദ്രാവിഷ്കൃത ഫണ്ട് - 1000000/- ധനകാര്യ കമ്മീഷൻ അവാർഡ് - 1000000/- ജില്ലാ പഞ്ചായത്ത് – 100000/-
നിർവഹണോദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

മേൽ പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങിയ ഇനത്തിൽ ഉഷസ്സ് ന്യൂട്രിമിക്സ് ,അമര പി.ഒ, തൃക്കൊടിത്താനം , ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന് 075/27.08.2024 എന്ന ഒരേ ഇൻവോയിസ് പ്രകാരം രണ്ട് തവണ തുക നല്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നമ്പർ/ തീയതി	തുക ( )	പണം നല്കിയ ബിൽ നമ്പർ/ തീയതി/ആകെ ബിൽ തുക
75/27.08.2024	76660	22400569/25.09.2024/ 654380/-
	76660	22400663/22.10.2024/ 153834/-

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/13.08.2025) ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അശ്രദ്ധമൂലം സംഭവിച്ച പിഴവുകൊണ്ടാണ് മേൽ സൂചിത സ്ഥാപനത്തിന് ആഗസ്റ്റ് മാസം വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ വില രണ്ട് പ്രാവശ്യം നല്കാൻ ഇടയായതെന്നും അത് തിരികെ ഒടുക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് അധികമായി നല്കിയ 76660/- രൂപ

16.08.2025-ലെ R-G050903-25002767 നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കി നിർവ്വഹണ ഉദ്യോഗസ്ഥ രസീത് ഹാജരാക്കി.

സ്വകാര്യ ധനം കൈകാര്യം ചെയ്യുമ്പോൾ പുലർത്തുന്ന പക്വതയും വിവേകവും പൊതു ധനം കൈകാര്യം ചെയ്യുമ്പോഴും പ്രകടിപ്പിക്കണെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(B) പ്രകാരമുള്ള അടിസ്ഥാന ധനവിനിമയ തത്വം പാലിച്ച് വേണ്ടത്ര അവധാനതയോടെ പണമിടപാട് നടത്തേണ്ട നിർവ്വഹണ ഉദ്യോഗസ്ഥ ഫയലുകളും രേഖകളും കൃത്യമായി പരിശോധിക്കാതെ അശ്രദ്ധമായി ഫയലുകൾ കൈകാര്യം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം ചെലവഴിക്കാനിടയായതും ഗുരുതര വീഴ്ചയാണ്. ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക പത്തുമാസത്തിലധികം തങ്ങളുടെ അക്കൗണ്ടിൽ സൂക്ഷിച്ചെങ്കിലും മുതൽ മാത്രമാണ് സ്ഥാപനം തിരികെ ഒടുക്കിയിട്ടുള്ളത്. ആകയാൽ അധികം കൈപ്പറ്റിയ 76660യുടെ പലിശകൂടി (പിൻവലിച്ച 22.10.2024 മുതൽ ഒടുക്കിയ 16.08.2025 വരെയുള്ളത്) സ്ഥാപനത്തിൽനിന്ന് ഈടാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പലിശ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്.

1-19 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അർഹമായ സബ്സിഡിയിലും അധികം ധനസഹായം അനുവദിച്ചു

ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം, ജനറൽ വിഭാഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി ധനസഹായ തുക 4,00,000/- രൂപയാണെന്നിരിക്കെ, ചുവടെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത പരിധിയിൽ അധികരിച്ച് സബ്സിഡി ആനുകൂല്യം നൽകിയതായി കാണുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടമുറി സർക്കിൾ) നിർവ്വഹണം ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (ജനറൽ വിഭാഗം) ഭാഗമായി, പ്രസ്തുത വ്യക്തികൾക്ക് 2022-2023 മുതൽ 2024-2025 വരെയുള്ള കാലയളവിൽ, വികസന ഫണ്ട്, സംസ്ഥാന വിഹിതം, KURDFC വായ്പ എന്നീ ഇനങ്ങളിലായി അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ലൈഫ് ഗുണഭോക്താ-വിന്റെ പേര്, മേൽവിലാസം, ബാങ്ക് അക്കൗണ്ട് നം.	ബിൽ നം./ തീയതി	ഗഡു തുക (Rs.)	ആകെ അനുവ-ദിച്ച് നൽകിയ തുക (Rs.)	അധികം അനുവ-ദിച്ച തുക (Rs.)
1)	ശ്രീമതി ഷീബ മോൾ, പുതുപ്പറമ്പിൽ, തൃക്കൊടിത്താനം KLGB0040568/ 40568100002520	380/06.02.2024 367/20.02.2023 511/28.03.2023 14/26.05.2023 63/25.07.2023 62/13.08.2024 390/23.01.2025	50,000/- 40,000/- 50,000/- 1,50,000/- 50,000/- 60,000/- 50,000/-	4,50,000/-	50,000/-
2)	ശ്രീമതി സൂര്യ, കളത്തിൽ, കോട്ടമുറി SBIN0070385/ 67391407079 39429521713	367/20.02.2023 511/28.03.2023 14/26.05.2023 33/16.06.2023 62/13.08.2024	40,000/- 50,000/- 1,00,000/- 1,00,000/- 1,60,000/-	4,50,000/-	50,000/-
3)	ശ്രീമതി മഞ്ജുഷ മണിയനാചാരി, വടക്കേ തേവള്ളിയിൽ, തൃക്കൊടിത്താനം CBIN0280958/ 3324819078	350/23.01.2024 374/24.02.2023 14/26.05.2023 33/16.06.2023 181/09.11.2023 53/08.08.2024 62/13.08.2024	70,000/- 40,000/- 1,00,000/- 1,00,000/- 50,000/- 40,000/- 40,000/-	4,40,000/-	40,000/-

4)	ശ്രീമതി. ചിന്നമ്മ, പുതുക്കാട്ട് ചിറ, തൃക്കൊടിത്താനം SBIN0070385/ 67087412291	380/06.02.2024 293/05.09.2024 416/22.11.2024 17/30.05.2023 53/08.08.2024	1,00,000/- 60,000/- 60,000/- 40,000/- 1,60,000/-	4,20,000/-	20,000/-
5)	ശ്രീമതി രമണി വാസു, കൊച്ചുപറമ്പിൽ, തൃക്കൊടിത്താനം SBIN0070385/ 67107641743	350/23.01.2024 293/05.09.2024 416/22.11.2024 181/09.11.2023 53/08.08.2024	1,00,000/- 60,000/- 60,000/- 40,000/- 1,60,000/-	4,20,000/-	20,000/-
6)	ശ്രീമതി രാധ മോഹനൻ, മഴുവഞ്ചേരി, തൃക്കൊടിത്താനം SBIN0008603/ 20165960598	414/23.02.2024 270/23.08.2024 181/09.11.2023 208/11.11.2024 335/09.01.2025 390/23.01.2025	1,00,000/- 1,60,000/- 40,000/- 60,000/- 40,000/- 40,000/-	4,40,000/-	40,000/-
7)	ശ്രീമതി ശ്രീകല, തുരുത്തിപ്പറമ്പിൽ കിഴക്കേതിൽ, തൃക്കൊടിത്താനം UBIN0572021/ 720202010001208	416/22.11.2024 17/30.05.2023 62/13.08.2024 335/09.01.2025 390/23.01.2025	1,00,000/- 40,000/- 1,60,000/- 60,000/- 60,000/-	4,20,000/-	20,000/-
	ആകെ			30,40,000/-	2,40,000/-

അധികത്തുക സബ്സിഡിയായി അനുവദിച്ചതിനു വിശദീകരണവും, അധികമായി കൈപ്പറ്റിയ തുക പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളപക്ഷം രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/ 17.08.2025), സമർപ്പിച്ച മറുപടിയിൽ, അധിക നിരക്കിൽ ധനസഹായ തുക അനുവദിച്ച് നൽകിയത് ബോധ്യപ്പെട്ടെന്നും , തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ക്രമ നം. (1) -ന് അധികം നൽകിയ 50,000/- രൂപ GRN: KL037778415202425M/ 20.02.2025 നമ്പർ രസീത് പ്രകാരവും, ക്രമ നം. (3) -ന് നൽകിയ 40,000/- രൂപ GRN: KL01709334220 2425M/ 23.08.2024 നമ്പർ രസീത് പ്രകാരവും, ക്രമ നം. (6) -ന് നൽകിയ 40,000/- രൂപ GRN: KL02112031320 2526M/ 08.08.2025 നമ്പർ രസീത് പ്രകാരവും, ക്രമ നം. (7) -ന് അധികം നൽകിയ 20,000/- രൂപ GRN: KL037778415202425M/ 20.02.2025 നമ്പർ രസീത് പ്രകാരവും ഈടാക്കി ചങ്ങനാശ്ശേരി സബ് ട്രഷറിയിലും, ക്രമ നം. (4) -ന് അധികംനൽകിയ KURDFC വായ്പ തുകയായ 20,000/- രൂപ തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ രസീത് നം. R-G050903-25002688/ 12.08.2025 പ്രകാരവും, ഒടുക്കിയ രേഖകളും ഹാജരാക്കിയിട്ടുണ്ട്. തിരികെ അടവാക്കിയ ടി തുകകൾ, ഗുണഭോക്താക്കളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പണമായി സ്വീകരിച്ച് സ്വയം ട്രഷറിയിൽ അടവാക്കിയതാണെന്നാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയ ചലാൻ പകർപ്പുകളിൽ, ഫണ്ട് തിരികെ അടവാക്കിയ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളോ, ലൈഫ് ഐ. ഡി -യോ മറ്റ് വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, തിരികെ ഈടാക്കൽ വിശദാംശങ്ങൾ പൂർണ്ണമായി പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ആകയാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടുള്ള മേൽ സൂചിപ്പിച്ച പണമിടപാട് സുതാര്യവും ക്രമപ്രകാരവുമല്ല. അധികം കൈപ്പറ്റിയ തുക ഗുണഭോക്താക്കൾ നേരിട്ട് തങ്ങളുടെ പേരിൽ ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കി രസീത് കൈപ്പറ്റുകയും, ടി തുക തനത് ഫണ്ടിൽ നിന്നും സർക്കാരിന്റെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്കി ട്രഷറി ചലാൻ ഫയൽ ചെയ്യുകയുമായിരുന്നു ക്രമപ്രകാരം ചെയ്യേണ്ടിയിരുന്നത്. എന്നാൽ, അപ്രകാരം ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകി തുടർനടപടികൾ സ്വീകരിക്കാതിരുന്നതും, പദ്ധതി നിർവ്വഹണത്തിലും തുടർന്ന് ധനസഹായ തുക അനുവദിച്ച് നൽകുന്നതിലെ നിരുത്തരവാദപരമായ സമീപനവും ശ്രദ്ധക്കുറവും നിവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന, ക്രമ നം. (2), (5) എന്നിവർക്ക് അധികം അനുവദിച്ച് നൽകിയിട്ടുള്ള യഥാക്രമം 50,000/- രൂപയും, 20,000/- രൂപയും ഉൾപ്പെടെ ആകെ 70,000/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി, ചലാൻ/ രസീത് പകർപ്പുകൾ ഉൾപ്പെടെ ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുവാൻ

സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെങ്കിൽ, 70,000/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-20 പകൽ വീട് പ്രവർത്തനം മാതൃകാപരം

മുതിർന്ന പൗരന്മാരുടെ വാർധക്യകാല ജീവിതം സന്തോഷകരവും സംതൃപ്തവും ആരോഗ്യകരവുമാക്കിത്തീർക്കുക എന്നത് നമ്മുടെ രാഷ്ട്രത്തിന്റെ നയമാണ്. വയോജന അവകാശങ്ങൾ ഉറപ്പാക്കുന്ന, പ്രാദേശിക സർക്കാർ കേന്ദ്രീകൃതമായ ഒരു വയോജന സൗഹൃദ തദ്ദേശ ഭരണമാണ് കേരളം പ്രതീക്ഷിക്കുന്നത്. അവരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനാണ് സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും വാർഷിക പദ്ധതിക്കായി അനുവദിക്കുന്ന വികസന ഫണ്ടിന്റെ നിശ്ചിത ശതമാനം വയോജന ക്ഷേമ പ്രോജക്ടുകൾക്കായി മാറ്റിവെയ്ക്കണമെന്ന നിബന്ധന ഓരോ പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖയിലും പ്രത്യേകമായി നിഷ്ക്കർഷിക്കുന്നത്. ഒരു പ്രദേശത്തെ വയോജനങ്ങൾക്ക് സ്വതന്ത്രമായി ഒത്തു ചേരുന്നതിനും, വിശ്രമിക്കുന്നതിനും, വിനോദങ്ങളിൽ ഏർപ്പെടുന്നതിനും സാധ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനു കഴിയുംവിധം തദ്ദേശഭരണ സ്ഥാപനം ആരംഭിച്ച് നടപ്പാക്കുന്ന സാമൂഹിക കേന്ദ്രമാണ് പകൽ വീട്. തൃക്കൊടിത്താനം പഞ്ചായത്തിലെ പകൽ വീടിന്റെ പ്രവർത്തനം മികച്ച രീതിയിൽ നടക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ ചക്രാത്തിക്കുന്ന് ഭാഗത്താണ് പകൽ വീട് സ്ഥിതി ചെയ്യുന്നത്. പതിനഞ്ച് വ്യക്തികളാണ് നിലവിൽ അതിന്റെ ഗുണഭോക്താക്കൾ. അവരുടെ പരിപാലനത്തിനായി ഒരു കെയർ ടേക്കറെ പ്രതിമാസം 7000/- ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പകൽ വീടിന്റെ ദൈനദിന പ്രവർത്തന ചെലവുകൾക്കായി തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി 284000 വകയിരുത്തി ഒരു പ്രോജക്ട് (S078/2025) ആവിഷ്ക്കരിക്കുകയും 2,45,441 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തി നിർമിച്ച പകൽ വീട്ടിൽ കട്ടിൽ, കിടക്ക, മറ്റു ഫർണിച്ചറുകൾ, പത്രങ്ങൾ, കേബിൾ ടിവി കണക്ഷൻ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. പകൽ വീട്ടിൽ എത്തുന്ന വയോജനങ്ങൾക്ക് എല്ലാ ദിവസവും കൃത്യമായി രാവിലെയും ഉച്ചകഴിഞ്ഞും ചായയും ലഘുഭക്ഷണവും വിതരണം ചെയ്യുന്നതിനുപുറമെ ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന നൽകി വരുന്നു . പകൽ വീടിന്റെ പ്രവർത്തനത്തിന് 2024-25 സാമ്പത്തിക വർഷം ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാസം	വിതരണം ചെയ്ത ഉച്ചഭക്ഷണ-ത്തിന്റെ എണ്ണം	ചെലവായ തുക ( ) (60/ Meals)	കെയർ ടേക്കർ ഹോണ-റേറിയം ( )	ചായ, ലഘു ഭക്ഷണം സാധന വില ( )	കുടി വെള്ളം, മറ്റ് ചെലവു-കൾ ( )	ആകെ ( )
ഏപ്രിൽ	138	8280	7000	3814		19094
മെയ്	142	8520	7000	3934		19454
ജൂൺ	144	8640	7000	3660	1865	21165
ജൂലൈ	204	12240	7000	3586		22826
ആഗസ്റ്റ്	168	10080	7000	2761		19841
സെപ്റ്റംബർ	171	10260	7000	3260	1865	22385
ഒക്ടോബർ	175	10500	7000	3730		21230
നവംബർ	193	11580	7000	3929	2250	24759
ഡിസംബർ	200	12000	7000	4229		23229
ജനുവരി	164	9840	7000	4056		20896
ഫെബ്രുവരി	169	10140	7000	3702	9720	30562
ഒട്ടാകെ						245441

മികച്ച രീതിയിൽ പകൽവീടിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, വയോജനങ്ങളുടെ ഒത്തുചേരലിന് വഴിയൊരുക്കിയ, ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്.

1-21 ബഡ്സ് സ്കൂൾ - പ്രവർത്തനം മികച്ചതെങ്കിലും അടിസ്ഥാന സൗകര്യങ്ങളിൽ അപര്യാപ്തത

കേരളത്തിലെ ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ പുനരധിവാസ പ്രയത്നങ്ങളിൽ ഏറ്റവും വലിയ കാൽവെപ്പായിരുന്നു കുടുംബശ്രീയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ

ഉടമസ്ഥതയിൽ ആരംഭിച്ച ബഡ്സ് സ്പെഷ്യൽ സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും. ബുദ്ധിപരമായ ബലഹീനതകൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം പോലെതന്നെ ക്രമാനുസൃതവും ശാസ്ത്രീയവുമായി രൂപപ്പെടുത്തുക വഴി മാത്രമേ ഇവരുടെ പരമാവധി വികസനം സാധ്യമാക്കാനും അവരെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും സാധിക്കുകയുള്ളൂ. കേരളത്തിൽ ഈ വിഷയം അത്ര തന്നെ ശ്രദ്ധിക്കപ്പെടാതിരുന്ന സാഹചര്യം നിലനിൽക്കെയാണ്, ബുദ്ധിപരമായി ബലഹീനതകൾ നേരിടുന്നവരെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം കുടുംബശ്രീ ഏറ്റെടുത്തത്. കുടുംബശ്രീയുടെ സാമൂഹ്യ ഇടപെടലുകളിൽ, ഏറ്റവും ശക്തമായ പ്രവർത്തനങ്ങളിലൊന്നാണ് ബഡ്സ് സ്ഥാപനങ്ങൾ. മുഖ്യധാരയിൽ സജീവമാകാൻ കഴിയാതെ, വീടുകൾക്കുള്ളിൽ മാത്രം തുടരേണ്ടിവന്ന ഭിന്നശേഷിക്കാരെയും, അവരുടെ മാതാപിതാക്കളെയും ദാരിദ്ര്യത്തിന്റെയും ഒറ്റപ്പെടലിന്റെയും വഴിയിൽ നിന്നും, സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീക്ക് കഴിയുന്നുവെന്നത് ശ്രദ്ധേയമാണ്. മാനസികവും ബുദ്ധിപരവുമായി ബലഹീനതകൾ നേരിടുന്നവർക്ക് വിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും, പുനരധിവാസവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, 5 മുതൽ 18 വയസുവരെ പ്രായമുള്ള മാനസികവും ബുദ്ധിപരവുമായ ബലഹീനതകൾ നേരിടുന്നവർക്ക്, ബഡ്സ് സ്കൂളുകൾ വഴി സവിശേഷ വിദ്യാഭ്യാസം നൽകി വരുന്നു. 18 വയസു കഴിഞ്ഞവർക്ക് ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രങ്ങളിലൂടെ (ബി.ആർ.സി) പ്രാദേശിക പുനരധിവാസവും, തൊഴിൽ പരിശീലനവും നൽകുന്നു. ഭിന്ന ശേഷിക്കാരെ പരാശ്രയത്വത്തിൽ നിന്ന് സ്വാശ്രയത്വത്തിലേക്ക് നയിക്കുക എന്നതാണ് ബഡ്സ് സ്ഥാപനങ്ങൾ പ്രധാനമായും ലക്ഷ്യമിടുന്നത്.
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ ഉദ്ഘാടനം 30/10/2020 -ന് നടത്തി 10/03/2021 മുതൽ ഒരു അധ്യാപികയെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. സ്വന്തമായി കെട്ടിടമില്ലാതിരുന്നതിനാൽ പ്രതിമാസനിരക്കിൽ വാടകയ്ക്കെടുത്ത XII/ 24 നമ്പർ കെട്ടിടത്തിലാണ് 2022 ഓഗസ്റ്റ് മാസം വരെ പ്രവർത്തിച്ചത്. യാത്രാ സൗകര്യവും താരതമ്യേനയുള്ള സ്ഥലലഭ്യതയും പരിഗണിച്ച്, 2022 സെപ്റ്റംബർ മാസം മുതൽ XII-ാം വാർഡിലെ 330 A നമ്പർ കെട്ടിടത്തിൽ സ്കൂളിന്റെ പ്രവർത്തനം തുടർന്നു വരുന്നു. ഇരുപതോളം കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, 15 കുട്ടികളാണ് സ്ഥിരമായി ഹാജരാകുന്നത്. നിലവിൽ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനും സ്ഥലപരിമിതിയുണ്ട്. കുട്ടികൾക്ക് പഠനത്തിനും വിനോദത്തിനും ക്ലാസ് റൂം തന്നെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. കുട്ടികളുടെ കളിക്കോപ്പുകളും മറ്റ് ഉപകരണങ്ങളും ഒരുമിച്ച് നിരത്തി വയ്ക്കുന്നതിനും ആയത് ഉപയോഗിക്കുന്നതിനും സ്ഥല സൗകര്യം പരിമിതമാണ്. സ്കൂളിന് അഭിമുഖമായി പി. ഡബ്ല്യു. ഡി റോഡ് ഉള്ളതിനാൽ ഗതാഗത തിരക്കും നിലനിൽക്കുന്നു. തൻ വർഷം, വാർഷിക പദ്ധതിയുടെ ഭാഗമായി, 'ബഡ്സ് സ്കൂൾ പ്രവർത്തന ചെലവുകൾ' എന്ന പദ്ധതി (നം. 82/2025) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 5,80,000/- രൂപ അടങ്കൽ തുകയിൽ, ഏറ്റെടുക്കുകയും, 5,62,631/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ, ബഡ്സ് സ്കൂളിലെ അധ്യാപികയുടെ വേതനം, ബഡ്സ് സ്കൂൾ കെട്ടിട വാടക, ബഡ്സ് സ്കൂളുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ (കുട്ടികളെ ബഡ്സ് ഫെസ്റ്റിന്റെ ഭാഗമാക്കുക, ചെറിയ യാത്ര ചെലവുകൾ, ഇതുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ) എന്നിവയാണ് ഉൾപ്പെടുത്തിയത്. എന്നാൽ, 2025-2026 സാമ്പത്തിക വർഷം മുതൽ, പ്രസ്തുത ചെലവുകൾക്കൊപ്പം, ആയയുടെ വേതനം, ബഡ്സ് സ്കൂളിന്റെ ആവശ്യത്തിന് ഒരു വാഹനം വാടകയ്ക്ക് ലഭ്യമാക്കൽ എന്നിവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖേന ബഡ്സ് സ്കൂളിനുള്ള കെട്ടിടനിർമാണം നടന്നു വരുന്നതാണെന്നും താമസംവിനാ അത് പൂർത്തീകരിക്കുമെന്നും ഓഡിറ്റ് സമാപനയോഗത്തിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ പോലെയൊരു സ്ഥാപനം നിലനിൽക്കുന്നതിന്റെ സാമൂഹികമായ അനിവാര്യത പരിഗണിച്ച്, സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-22 കൊക്കോട്ടുചിറ ഇൻഡോർ സ്റ്റേഡിയത്തിലെ സോളാർ പദ്ധതി മാതൃകാപരം

പ്രോജക്ട് നം, പേര്	(242/25) കൊക്കോട്ടുചിറ സോളാർ പദ്ധതി		
നിർവ്വഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി		
അടങ്കൽ	വികസന ഫണ്ട് (പൊതു)-201263	തനത്-80357	ആകെ-281620/-

ചെലവ്	വികസന ഫണ്ട് (പൊതു)- 201263	തനത്- 80357	ആകെ- 281620/-
ബിൽ നം.	BRN 240804520040007553 80/8.10.24- 201263/- വൗച്ചർ നം. 22400670/24.10.2024- 80357/-		

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട കോക്കോട്ടുചിറ ബാഡ്മിന്റൺ ഇൻഡോർ സ്റ്റേഡിയത്തിന്റെ മേൽക്കൂരയിൽ 7,50,000/-രൂപ അടങ്കലിൽ 5kw ഓഫ് ഗ്രിഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ട് എംപാനൽമെന്റ് ലഭിച്ച KEL മുഖേന നടപ്പിലാക്കുന്നതിന് 2022-23-ൽ ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. പ്രസ്തുത വർഷം 468380/- രൂപയും, തുടർന്ന് ശേഷിക്കുന്ന തുക തൻവർഷത്തെ മേൽ പരാർശിത പ്രോജക്ടിലൂടെയും KEL ന് നൽകിയിട്ടുണ്ട്. 20-25 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പാനൽ, മീറ്ററിംഗ് സൗകര്യത്തോടുകൂടിയ 5KW Off Grid Battery With Back Up എന്നിവ സ്ഥാപിച്ചിട്ടുണ്ട് . ഇതിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉപയോഗത്തിനുശേഷമുള്ള 3KW കെ.എസ്.ഇ.ബി-യ്ക്ക് ഗ്രിഡ് വഴി കൈമാറുന്നതിന് ബോർഡുമായി കരാർ ചമച്ചിട്ടുണ്ട്. തന്മൂലം സ്റ്റേഡിയത്തിന്റെ പ്രതിമാസ വൈദ്യുതി ബില്ലിൽ തുകയിൽ ഗണ്യമായ കുറവു വന്നിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.സോളാർ പാനൽ സ്ഥാപിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് ലഘൂകരിക്കാൻ സാധിച്ചത് മികച്ച നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ കേന്ദ്രസർക്കാർ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനമെന്ന നിലയിൽ ഏർപ്പെടുത്തിയിട്ടുള്ള സബ്സിഡി ഗ്രാമപഞ്ചായത്തിന് ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത ആനുകൂല്യം നേടുന്നതിനുള്ള നടപടികൾ അനർട്ട് സഹായത്തോടെ സ്വീകരിക്കേണ്ടതാണ്.

1-23 ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലാത്ത ക്ഷേത്ര പരിസരത്ത് ലക്ഷങ്ങൾ ചെലവഴിച്ച് ശുചിമുറി സമുച്ചയം നിർമ്മിച്ചു.

പ്രോജക്ട് നം, പേര്	എസ്0213/25- ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയം മഹാദേവ ക്ഷേത്രം പൂർത്തീകരണം.
അടങ്കൽ	1100000/- (ശുചിത്വ മിഷൻ ഗ്രാന്റ്)
കരാറുകാരന്റെ പേര്	ശ്രീ. എ.റ്റി രാജു
PAC	928255 + GST
കരാർ നം, തീയതി	23/AE/LSGD/TKDM/2023-24 തീയതി 24.01.2024
സാങ്കേതികാനുമതി	No. 110623/2023 തീയതി 30.10.2023
അളവു പുസ്തകം	E-M BOOK No. 110623/2023
ചെലവ് തുക	7,30,900/-
ബിൽ വിശദാംശങ്ങൾ	ഒന്നാം പാർട്ട് ബിൽ തുക- 339645/- (2023-24 ലെ ചെലവ് 2,10,000/-) 129645/- BRN. 24080452004000722714/ 28.09.2024 ഫൈനൽ ബിൽ തുക- 391255/- BRN. 24080452004001340775/05.02.2025

ശുചിത്വ സമുച്ചയത്തിന്റെ കെട്ടിട നിർമാണത്തിനായി	2019-20- ൽ ആരംഭിച്ച പ്രോജക്ടാണിത്. പ്രസ്തുത വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ വ്യക്തമല്ല.

മുൻ വർഷങ്ങളിൽ ചെലവഴിച്ച തുക	2020-21, 2022-23 വർഷങ്ങളിലായി യഥാക്രമം 736037/-, 478679/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള തൃക്കൊടിത്താനം മഹാദേവക്ഷേത്രത്തിൽ ഗ്രാമപഞ്ചായത്ത് മുൻവാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമിച്ച ടേക്ക് എ ബ്രേക്ക് ശുചിത്വ സമുച്ചയത്തിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. ജി.ഐ പൈപ്പുപയോഗിച്ച് കൈവരി, ചുറ്റുമതിൽ, PVC ജലസംഭരണി, അത് സ്ഥാപിക്കുവാൻ ജി.ഐ സ്റ്റാന്റ്, ഇന്റർ ലോക്ക് പേവർടൈൽ വിരിയ്ക്കൽ എന്നിവയ്ക്കുള്ള ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നത്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് രണ്ടു ബില്ലുകൾപ്രകാരം കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ടേക്ക് എ ബ്രേക്ക് സമുച്ചയ നിർമാണത്തിൽ സർക്കാർ മാർഗ്ഗരേഖ പരിഗണിച്ചില്ല

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തിയത്. പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.07.2020-ലെ ജി.ഒ(ആർടി) 1401/2020 നമ്പർ ഉത്തരവുപ്രകാരം സർക്കാർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായും തമസ്ക്കരിക്കുന്ന രീതിയിലാണ് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. നിലവിൽ ശുചിമുറികൾ ഇല്ലാത്ത നിശ്ചിത സ്ഥലങ്ങളിൽ മാത്രം സംസ്ഥാന/ ദേശീയപാതകളുടെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ സ്കൂളുകളുടെയോ പൊതു സ്ഥാപനങ്ങളുടെയോ സ്ഥലത്തിന് മുൻഗണന നൽകി ഭൂമി കണ്ടെത്തി പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മഹാക്ഷേത്രത്തിന്റെ ഉടമസ്ഥതയുള്ള ഭൂമിയിലാണ് നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ചത്. പ്രധാന റോഡുകളിൽനിന്ന് വിട്ട്, യാത്രക്കാർക്കും പൊതുജനങ്ങൾക്കും സ്വതന്ത്രമായി എത്തിപ്പെടാൻ യാതൊരു സാഹചര്യവുമില്ലാത്ത ക്ഷേത്ര പരിസരം പുതിയ ശുചിമുറി സമുച്ചയത്തിനായി തെരഞ്ഞെടുത്തതിനാൽ സർക്കാർ മുന്നോട്ടുവെച്ച ലക്ഷ്യത്തിൽനിന്ന് പ്രോജക്ട് പൂർണമായി വ്യതിചലിച്ചു.

ബി) സ്വന്തം ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥലത്ത് കെട്ടിടനിർമാണം നടത്തി

സ്വന്തം ആസ്തിയിൽ ഉൾപ്പെടാത്തതും നിയമപരമായി വാങ്ങുകയോ വിട്ടുകിട്ടുകയോ ചെയ്യാത്തതുമായ സ്ഥലത്ത് പൊതുപണം വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തിന് വ്യവസ്ഥയില്ലാത്തതാണ്. ശുചിത്വ സമുച്ചയത്തിന്റെയോ അത് നിർമ്മിച്ച സ്ഥലത്തിന്റെയോ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് നിയമപരമായി സിദ്ധിച്ചിട്ടില്ല. ക്ഷേത്രം വക സ്ഥലത്ത്, ദേവസ്വം ബോർഡിന്റെ ഉടമസ്ഥാവകാശം നിലനിർത്തി കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമാണ് ദേവസ്വം കമ്മീഷണർ 09.11.2021-ൽ നൽകിയിട്ടുള്ള ROC No. 18098/2020/M-1 നമ്പർനിരാക്ഷേപ പത്രത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. തന്മൂലം സൃഷ്ടിക്കപ്പെട്ട ആസ്തി അന്യാധീനപ്പെട്ടിട്ടുണ്ട്.

സി) സർക്കാരിന്റെ അനുമതി തേടാതെ പ്രോജക്ട് നടപ്പിലാക്കി

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള പ്രശസ്തമായ ക്ഷേത്രമാണെങ്കിലും കോട്ടയം

ജില്ലയിലെ തിരുനക്കര, ഏറ്റുമാനൂർ, വൈക്കം ക്ഷേത്രങ്ങൾ പോലെ ദൈനംദിനം വലിയ ഭക്തജനത്തിരക്ക് അനുഭവപ്പെടുന്ന ഒരു ക്ഷേത്രമല്ല തൃക്കൊടിത്താനം മഹാദേവക്ഷേത്രം. ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത ക്ഷേത്രത്തിൽ ഡിസംബർ മാസം നടക്കുന്ന **"ദീപ ഉത്സവ "** സമയത്താണ് ഭക്തജനങ്ങൾ കൂടുതലായെത്തുന്നത്. ഏതാനും ദിവസത്തെ ഉപയോഗത്തിനുവേണ്ടി ബൃഹത്തായ ശുചിത്വ സമുച്ചയത്തിനായി തുക ചെലവഴിക്കപ്പെടേണ്ട യാതൊരു ആവശ്യകതയും ഇല്ലാതിരുന്നതാണ്. ഇക്കാര്യം ഓഡിറ്റ് സമാപനയോഗവേളയിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഓരോ വർഷവും മൂന്ന് ഉത്സവങ്ങൾ നടക്കുന്നുവെന്നും ക്ഷേത്രത്തിന്റെ പൗരാണികത കേട്ടറിഞ്ഞ് ധാരാളം വിനോദ സഞ്ചാരികൾ ക്ഷേത്രത്തിലെത്തുന്നുണ്ടെന്നും അവർക്ക് പ്രാഥമിക കർമ്മങ്ങൾക്ക് സൗകര്യമില്ലാത്ത അവസ്ഥ പരിഗണിച്ച് ക്ഷേത്രാധികൃതരുടെ അപേക്ഷപ്രകാരമാണ് ശുചിമുറി നിർമാണം ഏറ്റെടുത്തതെന്നും ഭരണസമിതി അംഗങ്ങൾ അറിയിക്കുകയുണ്ടായി. ശുചിമുറി സമുച്ചയം നിർമ്മിച്ചുവെങ്കിലും ചതുപ്പ് നിറഞ്ഞ സ്ഥലത്തുകൂടി അതിലേക്ക് എത്താൻ സുഗമമായ മാർഗമില്ലാത്തതിനാലാണ് അടിസ്ഥാന സൗകര്യവികസനത്തിന് തൻവർഷം പ്രോജക്ട് നടപ്പാക്കിയതെന്നും വിശദീകരിച്ചു. ദേവസ്വം ബോർഡ് ഭൂമിയിൽ പൊതുപണം വിനിയോഗിച്ച് ഇത്തരമൊരു ആസ്തി നിർമ്മിക്കുന്നതിനുമുൻപ് സർക്കാരിന്റെ അനുമതി തേടാതിരുന്നത് ഗൗരവമേറിയ വീഴ്ചയാണ്.

ഡി) ഗ്രാമപഞ്ചായത്തിന്റെ വരുമാന സാധ്യത വിലയിരുത്തിയില്ല

ശുചിമുറി സമുച്ചയത്തിന്റെ നടത്തിപ്പ്/പരിപാലനം കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കണമെന്നാണ് സർക്കാർ മാർഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നത്. സ്ത്രീ ശാക്തീകരണത്തോടൊപ്പം ഗ്രാമപഞ്ചായത്തിനും വരുമാനം ലഭിക്കണമെന്നാണ് സർക്കാർ പ്രസ്തുത നിബന്ധനയിലൂടെ ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത് സമാന്തരമായി ഏറ്റെടുത്ത് 35 ലക്ഷത്തിലധികം ചെലവഴിച്ച് പ്രധാന ടൗണായ കുന്നുംപുറത്ത് നിർമ്മിച്ച ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനം ലാഭകരമല്ലായെന്ന കാരണം മുൻനിർത്തി അതിന്റെ കുത്തകക്കാരായ കുടുംബശ്രീ യൂണിറ്റ് പിൻവാങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ട്. (ഇക്കാര്യം 05.03.2025-ലെ ഭരണസമിതിയിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിരുന്ന കാര്യവും നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് രണ്ടു വ്യക്തികളെ നിയമിച്ചാണ് സമുച്ചയം പ്രവർത്തിപ്പിക്കുന്നതെന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുക.) നിശ്ചിത സമയത്ത് മാത്രം ജനങ്ങൾ എത്തുന്ന ക്ഷേത്ര പരിസരത്ത് നിർമ്മിച്ച സമുച്ചയത്തിന്റെ വരുമാന സാധ്യത തുലോം കുറവായിരിക്കും. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ നിയന്ത്രണാധികാരം ദേവസ്വം ബോർഡ് വിട്ടു നൽകാനുള്ള സാധ്യത വിരളമായതിനാൽ ഫലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി ഗ്രാമപഞ്ചായത്ത് ക്ഷേത്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കി നൽകിയതിനു തുല്യമായി തീർന്നിട്ടുണ്ട്.

ഇ) ജില്ലാ പഞ്ചായത്ത് വക ശുചിത്വ സമുച്ചയ നിർമ്മാണം സമാന്തരമായി നടക്കുമ്പോഴും ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്ത് ശുചിത്വ സമുച്ചയം നിർമ്മിച്ച സ്ഥലത്തിനു തൊട്ടുചേർന്ന് കോട്ടയം ജില്ലാപഞ്ചായത്തും ഒരു ബഹുനില ശുചിത്വ സമുച്ചയത്തിന്റെ നിർമ്മാണം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. രണ്ടു പ്രോജക്ടുകളുടെയും നിർവ്വഹണ-മേൽനോട്ടച്ചുമതലയുള്ളത് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർക്കാണ്. ഗ്രാമപഞ്ചായത്ത് നിർമ്മിച്ച സമുച്ചയത്തിന്റെ ഉപയോഗം നിഷ്പ്രഭമാക്കുന്ന രീതിയിൽ, ബഹുനില ശുചിത്വ സമുച്ചയ നിർമ്മാണം പുരോഗമിക്കെ ഗ്രാമപഞ്ചായത്ത് പണിത കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി തൻവർഷം വീണ്ടും പ്രോജക്ട് നടപ്പാക്കിയ നടപടി പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവായാണ് വിലയിരുത്താൻ കഴിയുന്നത്.

പൊതു നിരത്തുകളിൽനിന്നൊഴിഞ്ഞുള്ള നിർമ്മാണം, സമീപസ്ഥമായി നിർമ്മാണം പൂർത്തീകരിച്ചു വരുന്ന ജില്ലാ പഞ്ചായത്തുവക ശുചിമുറി സമുച്ചയത്തിന്റെ സാന്നിദ്ധ്യം, ക്ഷേത്രദർശന

സമയങ്ങളിൽ മാത്രമുള്ള ഉപയോഗം, ക്ഷേത്രാരാധനയ്ക്ക് എത്തുന്നവരൊഴികെയുള്ള പൊതുജനങ്ങൾക്കു നേരിടാവുന്ന നിയന്ത്രണം തുടങ്ങിയ കാരണങ്ങളാൽ പദ്ധതിയുടെ വിജയ സാധ്യത വളരെ പരിമിതമാണ്. 13.02.2025-ൽ നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സമുച്ചയം നിലവിൽ സമീപമുള്ള കെട്ടിട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉപയോഗത്തിലാണെന്നാണ് പ്രാദേശിക പരിശോധനാവേളയിൽ കാണാൻ കഴിഞ്ഞത്. കെട്ടിട നിർമ്മാണം ആക്ഷേപമില്ലാതെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അത് ലക്ഷ്യം കൈവരിക്കാനും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി നിലനിൽക്കാനും സാധ്യതയില്ലാത്തതിനാൽ തൻവർഷം ചെലവഴിച്ച തുക 520900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/തീ. 16.08.2025) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയങ്ങളിലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-24 കൊക്കോട്ടുചിറ കുടിവെള്ള നവീകരണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം,പേര്	331/25 കൊക്കോട്ടുചിറ കുടിവെള്ള പദ്ധതി നവീകരണം
നിർവ്വഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
അടങ്കൽ	32,27,556/-
ചെലവ്	32,20,000/-
ഫണ്ട്	വികസന ഫണ്ട് (സി എഫ് സി)
ബിൽ നം.	22401547/30.03.2025-2898000/-, 22401552/31.03.2025-322,000/-,

കൊക്കോട്ടുചിറയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ നവീകരണപ്രവൃത്തിക്കൾക്കായി പ്രസ്തുത പ്രോജക്ട് പ്രകാരം 32,20,000/-രൂപ ചെറുകിട ജലസേചന വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. കുളം വൃത്തിയാക്കി 4320m^3മണൽ/ചെളി നീക്കം ചെയ്യലും, DR സംരക്ഷണവുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. മണൽ മുതലായവ മൂല്യമുള്ള വസ്തുക്കൾ സ്റ്റാക്ക് ചെയ്ത് അളവ് രേഖപ്പെടുത്താനും, ഉപയോഗശൂന്യമായ ചെളി പഞ്ചായത്തിലെ വാർഡ് 9 -ചെമ്പുംപുറത്തെ അപകടകരമായ കുളത്തിൽ നിക്ഷേപിക്കാൻ വസ്തു ഉടമ സമ്മതിച്ചതിനാൽ ടി സ്ഥലത്ത് നിക്ഷേപിക്കാനും ഭരണസമിതിയുടെ 15.03.25-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് [തീരുമാന നം.1(9)]. തുക കൈമാറിയെങ്കിലും നീക്കം ചെയ്യേണ്ട ചെളിയുടെ അളവു നിർണയിക്കുന്നതിനുള്ള പരിശോധനകൾ മാത്രമാണ് നടന്നിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/14.08.2025) സമർപ്പിച്ച മറുപടിയിൽ, ലെവൽസ് റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകിയിട്ടുള്ളതായും , പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വേനലിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാകയാൽ ഗ്രാമപഞ്ചായത്ത് എട്ടു ലക്ഷത്തോളം രൂപയാണ് ഓരോ വർഷവും ടാങ്കർ ലോറികളിലൂടെയുള്ള കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്നതെന്ന വസ്തുത ഇതോടുചേർന്ന് കാണേണ്ടതാണ്. മുൻകാലങ്ങളിൽ പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ജലക്ഷാമത്തിന് വലിയൊരളവിൽ പരിഹാരമായിരുന്നുവെന്ന വസ്തുത ഉൾക്കൊണ്ട് അടുത്ത വേനലിനുമുൻപ് നവീകരണപ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാകാത്തതിനാൽ ചെലവഴിച്ച 32,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 എം സി എഫ് കെട്ടിടനിർമാണത്തിന് സ്ഥലം വാങ്ങൽ- തുടർന്നടപടികൾ പ്രവർത്തനപഥത്തിലെത്തിയില്ല

പ്രോജക്ട് നം, പേര്	134/25 എം സി എഫ് സ്ഥലം വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

അടങ്കൽ	40,00,000/-
ചെലവ്	40,00,000/-
ഫണ്ട്	തനത് ഫണ്ട്
ബിൽ നം.	22401331/19.03.2025

ഗ്രാമപഞ്ചായത്ത് പുതിയ എം സി എഫിന് കെട്ടിടം നിർമിക്കുന്നതിനായി ഒരു ആറിന് 237600/- ഫെയർ വാല്യു ഉള്ള 45 സെന്റ് സ്ഥലം 40,00,000/-രൂപ ചെലവഴിച്ച് ശ്രീ. ജയറാം പണിക്കർ എന്ന വ്യക്തിയിൽ നിന്ന് വാങ്ങി നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം കരസ്ഥമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടനിർമാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/14.08.2025) മറുപടിയായി, കെട്ടിടനിർമാണത്തിന് 60 ലക്ഷം രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയിൽ 2024-25 വർഷം പ്രോജക്ട് വകയിരുത്തിയിട്ടുള്ളതും, സ്പിൽ ഓവറായി നടന്നുവരുന്നതുമാണെന്നും, എക്സിക്യൂട്ടീവ് എഞ്ചിനിയറിൽനിന്ന് സാങ്കേതികാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രതിമാസ വാടക നിരക്കിൽ സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. ആകയാൽ വാടകയിനത്തിൽ ഓരോ വർഷവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നുണ്ട്. ആവർത്തനച്ചെലവുകളിൽ കാര്യമായ ആശ്വാസം ലഭിക്കുമെന്നതിനാൽ വാങ്ങിയ സ്ഥലം ലക്ഷ്യ പൂർത്തിക്കുതകുംവിധം വിനിയോഗിക്കാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-26 തുക കൈമാറിയിട്ടും കിളിമല അംഗൻവാടി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം., പേര്	306/25 കിളിമല അംഗൻവാടി കെട്ടിട നിർമ്മാണം
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	200,000/-
ചെലവ്	200,000/-
ഫണ്ട്	തനത് ഫണ്ട്
നിർവഹണം	MGNREGS മിഷൻ
ബിൽ നം.	22401499/28.03.2025

ഗ്രാമപഞ്ചായത്തിന്റെ 15-ാം വാർഡിലെ 55-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം നിർമിക്കുന്നതിന് 2022-23-ൽ MGNREGS ഫണ്ട് 800,000/- രൂപ, വികസന ഫണ്ട് 200,000/-രൂപ, തനത് ഫണ്ട് 200,000/-രൂപ, വനിതാ ശിശു വികസന വകുപ്പ് 200,000/-രൂപ എന്നിവ ഉൾപ്പടെ 14 ലക്ഷം രൂപ അടങ്കൽ തുകയിൽ പദ്ധതി രൂപീകരിച്ചിരുന്നു. അതുപ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതങ്ങളായ വികസന ഫണ്ട് 200,000/-രൂപയും, തനത് ഫണ്ട് 200,000/-രൂപയും പ്രസ്തുത വർഷംതന്നെ MGNREGS മിഷൻ ഡയറക്ടറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ വനിതാ ശിശു വികസന വകുപ്പ് വാഗ്ദാനം ചെയ്ത 200,000/-രൂപ നിർവഹണ ഏജൻസിക്ക് കൈമാറിയില്ല. ഇതേ തുടർന്ന് 2024-25-ൽ തനത് ഫണ്ടിൽനിന്ന് വീണ്ടും 200,000/-രൂപ കൂടി വകയിരുത്തി മേൽപരാമർശിത പ്രോജക്ട് പ്രകാരം MGNREGS മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അംഗൻവാടി നിർമ്മിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശരേഖകളും പ്രോജക്ടിന്റെ പൂർത്തീകരണ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/14.08.2025) സമർപ്പിച്ച മറുപടിയിൽ സ്ഥലം ആസ്തി രജിസ്റ്ററിലും, ഗ്രാമപഞ്ചായത്ത് ഉടമസ്ഥതതയിലും ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമാണത്തിന് ടെണ്ടർ, റീ ടെണ്ടർ, കാട്ടേഷൻ, റീകാട്ടേഷൻ എന്നിവ ക്ഷണിച്ചിരുന്നുവെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ലെന്നും ,റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ നടപടി സ്വീകരിച്ച് വരുന്നതായും സെക്രട്ടറി അറിയിച്ചു. കെട്ടിടനിർമാണം നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവു തുക 200,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - ഇതര സർക്കാർ ഏജൻസികളിൽനിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പു വരുത്തിയില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി, 'വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്. സി വിഭാഗം)' എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	എസ്130/25- വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്. സി വിഭാഗം)
ഫണ്ട് അടങ്കൽ/ചെലവ്	SCP 7,20,000/- / 5,94,915/-
ബിൽ നം./ തീയതി	628/22.03.25 (3,49,950/-), 629/22.03.25 (2,44,965/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി, GeM (Government E- Marketing) പ്ലാറ്റ്ഫോമിലൂടെ, ഡിജിറ്റൽ ഹബ്, കടവന്ത്ര, കൊച്ചി എന്ന സപ്ലയർ മുഖേന ACER Core I3 സ്പെസിഫിക്കേഷനിലുള്ള '17' ലാപ്ടോപ്പുകൾ വാങ്ങി (ഇൻവോയ്സ് നം. TDH3572425/12.03.2025 & TDH3582425/12.03.2025) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് തുകയായ 5,94,915/- രൂപ ടി സ്ഥാപനത്തിന്റെ HDFC 50200011574732 നം. ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ (സ. ഉ. (കൈ) നം. 115/2022/തസ്വഭവ/28.05.2022 പ്രകാരം പുറപ്പെടുവിച്ചത്), **ഖണ്ഡിക 7.2.7** പ്രകാരം, ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലാപ്ടോപ് നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ലാപ്ടോപ്, മെറിറ്റോറിയസ് സ്കോളർഷിപ്, പഠനോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ, സ. ഉ. (കൈ) നം. 115/2022/തസ്വഭവ/28.05.2022 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കുവാൻ സാധിക്കാത്തതാണെന്ന് പരാമർശിച്ച് ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് പൊതു അറിയിപ്പ് നൽകിക്കൊണ്ടുള്ള, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫിസറുടെ 23/12/2024 -ലെ കത്തും, ലാപ്ടോപ് വിതരണം ചെയ്തിട്ടില്ലെന്ന് വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽനിന്നുള്ള സാക്ഷ്യപത്രവുമാണ് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് മുഖേനയല്ലാതെ, പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ ഇതര സർക്കാർ പദ്ധതികൾ പ്രകാരമോ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് നിലവിലെ സാഹചര്യത്തിൽ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. സി വിഭാഗത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ, ഓരോ ഗുണഭോക്താവിന്റെയും ബെനിഫിഷ്യറി ഹിസ്റ്ററി പരിശോധിച്ച്, പ്രത്യേകം സാക്ഷ്യപത്രം പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതും, പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതായ ഗുണഭോക്താക്കളുടെ അർഹത പൂർണ്ണമായും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-28 ലൈഫ് ഭവന നിർമ്മാണ- ഭവനപുനരുദ്ധാരണ പദ്ധതികൾ - ആദ്യഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

A) ലൈഫ് ഭവന നിർമാണപദ്ധതി

ഭവന നിർമാണത്തിനായി കരാറിലേർപ്പെട്ട് ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ/ പൂർത്തീകരിക്കാതെ തുടരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, വിലാസം	നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ്	അനുവദിച്ച് നൽകിയ തുക	അവസാനം തുക അനുവദിച്ച് നൽകിയ തീയതി
1)	മണിയപ്പൻ വി. സി. & സുനിത മണിക്കുട്ടൻ, വാലുപറമ്പിൽ, കോട്ടമുറി	നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല	40,000/-	17.12.2024

2)	അമ്മിണി എം. എ., കൊച്ചേരിൽ, തൃക്കൊടിത്താനം	ബേസ്മെന്റ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നു	40,000/-	17.12.2024
3)	സിജു, തുണ്ടിപ്പറമ്പിൽ, തൃക്കൊടിത്താനം	നിർമ്മാണ പ്രവൃത്തികൾ ആരംഭി-ച്ചിട്ടില്ല	40,000/-	07.12.2023

B) ഭവനപുനരുദ്ധാരണ പദ്ധതി

ആദ്യ ഗഡു കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ/ പൂർത്തീകരിക്കാതെ തുടരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താ-വിന്റെ പേര്, വിലാസം	നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ്	അനുവ-ദിച്ച് നൽകിയ തുക	അവസാനം തുക അനുവദിച്ച് നൽകിയ തീയതി
1)	ശാന്തമ്മ ഉണ്ണി, പണിയ്ക്കൽ, തൃക്കൊടിത്താനം	നിർമ്മാണ പ്രവൃത്തികൾ പൂർത്തീ-കരിച്ചില്ല	50,000/-	25.03.2024
2)	ജ്യോതി കെ. ആർ., കുന്നുംപുറത്ത്, തൃക്കൊടിത്താനം	നിർമ്മാണ പ്രവൃത്തികൾ പൂർത്തീ-കരിച്ചില്ല	50,000/-	25.03.2024
3)	എം. എം ദാമോദരൻ, മടുക്കത്താനം, കോട്ടമുറി	നിർമ്മാണ പ്രവൃത്തികൾ പൂർത്തീ-കരിച്ചില്ല	50,000/-	17.12.2024
4)	വത്സമ്മ കുഞ്ഞുമോൻ, അമല പുതുപ്പറമ്പിൽ, തൃക്കൊടിത്താനം	നിർമ്മാണ പ്രവൃത്തികൾ പൂർത്തീ-കരിച്ചില്ല	50,000/-	23.01.2025
5)	അരുൺ ഗോപാലൻ, കാരിച്ചാലിൽ, തൃക്കൊടിത്താനം	നിർമ്മാണ പ്രവൃത്തികൾ പൂർത്തീ-കരിച്ചില്ല	50,000/-	14.02.2025

2023-24 ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് ഉൾപ്പെടെ ഭവനനിർമ്മാണം-നവീകരണം പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭരണസമിതി അംഗങ്ങളുടെ സഹകരണത്തോടെ ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നിതിന് വേണ്ട പ്രോത്സാഹനം ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-29 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട്-ചെലവഴിച്ച തുകകളുടെ അനുബന്ധരേഖകളില്ല

പ്രോജക്ട്	S0014/25, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ
അടങ്കൽ	15,00,000/- (വികസനഫണ്ട്- ജനറൽ– 6,00,000/-,

	തനത് ഫണ്ട് - 9,00,000/-)
ആകെ ചെലവ്	1404504/- (വികസനഫണ്ട്- ജനറൽ– 6,00,000/-, തനത് ഫണ്ട് - 8,04,504/-)
ബിൽ നം./ തീയതി/തുക	1)24/10.07.2024/ 1,01,303 2)44/01.08.2024/ 92,412 3)87/29.08.2024/ 47,949 4)102/05.09.2024/ 88,045 5)120/12.09.2024/ 39,190 6)143/01.10.2024/ 91,850 7)184/29.10.2024/ 6,765 8)221/19.11.2024/ 48274 9)324/07.01.2025/ 73,136 10)664/25.03.2025/ 11,076 11)3659/14.05.2024/90,000 12)4031/05.06.2024/78,240 13)6858/18.10.2024/3630 14)7204/06.11.2024/120028 15)7724/02.12.2024/99,249 16)09/01.01.2025/97,917 17)1103/10.02.2025/1,05,113 18)1860/07.03.2025/97,879 19)2395/23.03.205/11,076 20)2731/28.03.2025/1,01,372
നിർവ്വഹണോ-ദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന ചെലവുകൾക്ക് നിദാനമായ സബ് വൗച്ചറുകൾ ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

ക്രമ നം.	ചെലവിനം	തുക കൈപ്പറ്റിയ വ്യക്തിയുടെ പേര്	09.08.2024 ൽ കൈപ്പ-റ്റിയ തുക ( )	12.09.2024 ൽ കൈപ്പ-റ്റിയ തുക ( )	07.10.2024 ൽ കൈപ്പ-റ്റിയ തുക ( )	ആകെ ( )
1	വാഹന വാടക	തോമസ് വർഗ്ഗീസ്	7500/-	9000/-	7500/-	24000/-
2	ഡ്രൈവറുടെ വേതനം	അജേഷ് കെ. എ).	19710/-	19710/-	19710/-	59130/-
3	ഉച്ചഭക്ഷണം	ഗീത സി. സി.	6720/-	6720/-	6720/-	20160/-
4	ഡീസൽ	കൈലാത്ത് ഫ്യൂവൽസ്	8942/-	3805/-	8380/-	21127/-
ഒട്ടാകെ						1,24,417/-

പ്രസ്തുത ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/18.08.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ, 1,24,417/-(ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി നാനൂറ്റിപതിനേഴ്) രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 തുല്യതാ പഠനം- സാക്ഷരതാ മിഷന് കൈമാറിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്, ഗവ എൽ. പി. എസ്., കടമാൻചിറ.
പ്രോജക്ട് നം.	S0067/25, തുടർസാക്ഷരത
അടങ്കൽ	200000/- (വികസന ഫണ്ട്- ജനറൽ)
ചെലവ്	103600/-
ബിൽ നം/ തീയതി/ തുക	1)240804520302013552 65/22.02.2025/ 64,600 2)240804520302015752 62/18.03.2025/ 39,000

മേൽ പ്രോജക്ട് പ്രകാരം പത്താംതരം, ഹയർ സെക്കന്ററി തുല്യതാ പരീക്ഷയ്ക്കുവേണ്ടി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്കുവേണ്ടി അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങൾക്കായി 103600/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി കൈമാറിയിരുന്നു. ഗുണഭോക്താക്കളുടെ എണ്ണം, ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

ക്ലാസ്	ഗുണഭോക്താക്കളുടെ എണ്ണം	രജിസ്ട്രേഷൻ ഫീസ് ( )	അഡ്മിഷൻ ഫീസ് ( )	കോഴ്സ് ഫീസ് ( )	ആകെ ചെലവഴിച്ച തുക ( )
10	20	2000	0	37000	39000
+1 (ജനറൽ)	10	1000	2000	23000	26000
+1 (എസ്.സി/ എസ്.റ്റി)	6	600	1200	0	1800
+2	16	0	0	36800	36800
ഒട്ടാകെ					103600/-

സാക്ഷരതാ മിഷന് തുക കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ കോഴ്സ് പൂർത്തീകരിച്ചതും, പരീക്ഷ എഴുതിയതും സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർ മുഖേന ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് അന്വേഷണം നമ്പർ 14/14.08.2025) മറുപടിയും ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ, ചെലവ് തുക 1,03,600 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക വിനിയോഗരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 മാങ്കാല കുളം നവീകരണം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം	S0284/23, S0219/25
അടങ്കൽ	671352/- (CFC Tied Fund)
സാങ്കേതികാനുമതി	19007/2023 Dt26.03.2023
പുതുക്കിയ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി	I(20)/23.02.2024
കരാറുകാരൻ	ശ്രീ. വിവേക് ലാൽ എം. ഡി.
അളവു പുസ്തകം	E-Mbook 19007/2023
കരാർ നം. തീയതി	21/AE/LSGD/TDKM/2023-24 Dt.09.01.2024
ചെലവഴിച്ച തുക	670622/-
ബിൽ വിവരങ്ങൾ	BRN 24080452008100460834/ Dt.26.07.2024

ഗ്രാമപഞ്ചായത്തിന്റെ 6-ാം വാർഡിൽ മാങ്കാല ഭാഗത്തുള്ള കുളം ആഴം കൂട്ടി 25M നീളത്തിലും 22M വീതിയിലും 1.2M ഉയരത്തിലും സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുള്ളതിന്റെ തുടർച്ചയായി 0.972 M ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി 2023-24 വാർഷിക

പദ്ധതിയിൽ ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനങ്ങൾ പ്രകാരം കുളത്തിന് കരിങ്കൽ സംരക്ഷണഭിത്തി നിർമിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എം)എസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ 6.6.7.IV ഖണ്ഡിക പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

"കുടിവെള്ള പ്രോജക്ടുകൾ എടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതു വിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്." എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മുന്നൊരുക്കമെന്ന നിലയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയോ അവരടങ്ങുന്ന ഒരു ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ തുടർന്നടത്തിപ്പ് സംബന്ധിച്ച കരാറിൽ ഏർപ്പെടുകയോ ചെയ്തതായി രേഖ സൂക്ഷിച്ചിട്ടില്ല. ഒരു സാധാരണ പ്രവൃത്തിയെന്ന നിലയിൽ ടെൻഡർ നടപടികൾ പാലിച്ച് നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുകയാണ് ചെയ്തിട്ടുള്ളത്.

2. നിലവിൽ നിർമ്മിച്ച കൽക്കെട്ടിനു മുകളിൽ ഒരു നിര കരിങ്കൽക്കെട്ടു കൂടി നിർമ്മിച്ച് തറ നിരപ്പ് എത്തുന്ന രീതിയിൽ തൻവർഷം ഒരു പ്രോജക്ട് പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ വിശദാംശങ്ങൾ ലഭ്യമല്ല.

3. എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനമായി ഉൾപ്പെടുത്തിയ പ്രബലിത കോൺക്രീറ്റ് ബെൽറ്റിന് തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുക വഴി അധികച്ചെലവുണ്ടായിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 18.11.2016-ലെ 87/2016, 05.08.2021 ലെ 64/2021 എന്നീ നമ്പർ ടെക്നിക്കൽ സർക്കുലറുകളിൽ സംരക്ഷണ ഭിത്തി നിർമാണത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങളും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും അത് പരിഗണിക്കാതെ ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നൽകിയ നിരക്ക്, സ്പെസിഫിക്കേഷൻ</u>

ഇനം 2 RCC Belt For DR - Specification 5.2.2

RCC Work In Walls (Any Thickness) Including Attached Pilasters, Buttrusses, Plinth And String Courses, Fillets, Columns, Pillars, Piers, Abutments, Posts, And Struts Etc. Upto Floor Five Level Excluding Cost Of Centering, Shuttering And Reinforcement 1 : 1.5 : 3. @ 9921/M3.

പ്രസ്തുത സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ അത് അഞ്ച് നിലകൾ വരെയുള്ള കെട്ടിടത്തിന് ബാധകമാകുന്ന നിർമ്മിതികൾക്കാവശ്യമുള്ള ഇനങ്ങൾ ഉൾപ്പെടുന്നതാണെന്ന് കാണാവുന്നതാണ്. Code 9999 പ്രകാരമുള്ള ലിഫ്റ്റ് ആവശ്യമില്ലാത്തതും കുറഞ്ഞ മനുഷ്യപ്രയത്നം ആവശ്യവുമായ പ്രസ്തുത പ്രവൃത്തിക്ക് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 05.08.2021-ലെ 64/2021 നമ്പർ സർക്കുലർ പ്രകാരം നൽകാവുന്നത് പ്ലിന്ത് ലെവൽ വരെയുള്ള പ്രബലിത കോൺക്രീറ്റിംഗിന് (M20 Grade, 1:2:4) ബാധകമായ **5.1.3** എന്ന സ്പെസിഫിക്കേഷനാണ്.

നൽകാവുന്ന നിരക്ക്, സ്പെസിഫിക്കേഷൻ

Specification 5.1.3

Providing And Laying In Position Specified Grade Of Reinforced Cement Concrete Excluding Cost Of Centering And Shuttering All Works Upto Plinth Level 1 : 2 : 4 @ 8642.34/M3 (6334.15 + Cost Index 36.44)

അനുവദിച്ചതും അനുവദിക്കാവുന്നതുന്നതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെയ്ത അളവ്	**5.2.2** പ്രകാരം നൽകിയ തുക @ 9921/M3	**5.1.3** എന്ന ഇനം ഉൾപ്പെടുത്തി-യിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് 8642.34/M3	അധികം നൽകിയ തുക

9.437M3	93624+GST	81558 +GST	12066 + GST (18%) 2172

മേൽ പരാമർശിത അപാകതകൾക്കും അധികത്തുക നൽകിയ നടപടിക്കും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം.18/തീ.18.08.2024) സംരക്ഷണഭിത്തി നിർമ്മാണത്തിനു ശേഷമുള്ള പ്രവൃത്തികൾ ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൂർത്തീകരിക്കാൻ തീരുമാനമായിട്ടുള്ളതാണെന്നും അധികം നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗം ചേർന്ന് സമിതി രൂപീകരിച്ച് കരാറിൽ ഏർപ്പെടുന്നതാണെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ ഭരണമിതി അംഗങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി താമസംവിനാ പ്രവൃത്തിപഥത്തിലെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തെറ്റായ സ്പെസിഫിക്കേഷനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുവഴി സംഭവിച്ച നഷ്ടം 14238/- (12066 + 2172) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 അനുപൂരക പോഷകാഹാര പദ്ധതി - ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല

പ്രോജക്ട്	നം.07/25, അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി
അടങ്കൽ	29,00,000/-
ചെലവ്	2796838/-
ഫണ്ടിനം	വികസനഫണ്ട്-ജനറൽ– 800000/-, കേന്ദ്രാവിഷ്കൃത ഫണ്ട്- 1000000/-, ധനകാര്യകമ്മീഷൻ അവാർഡ്- 1000000/-, ജില്ലാ പഞ്ചായത്ത്– 100000/-
ബിൽനം./ തീയതി/തുക	1)22400569/25.09.2024/ 654380/- 2)22400568/25.09.2024/ 172367/- 3)22400730/14.11.2024/ 226577/- 4)22400663/22.10.2024/ 153834/- 5)24080452029901027247/17.12.2024/ 274580/- 6)24080452029901044674/19.12.2024/ 118877/- 7)22400916/28.12.2024/ 127253/- 8)22401142/15.02.2025/ 19043/- 9)22401120/13.02.2025/ 100000/- 10)24080452029901211788/29.01.2025/ 314699/- 11)22401181/28.02.2025/ 76,954/- 12)22401350/20.03.2025/ 161394/- 13)24080452029901516122/17.03.2025/ 91800/- 14)22401367/20.03.2025/ 305080/-
നിർവ്വഹണോ-ദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

2017-ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങളുടെ വകുപ്പ് 51(1) അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിനുവേണ്ടി ഉഷസ്സ് ന്യൂട്രിമിക്സ് ,അമര പി.ഒ,

തൃക്കൊടിത്താനം , ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിനു 829792/- രൂപ (5% GST ഉൾപ്പെടെ) ചുവടെ ചേർത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ/തീയതി	തുക ( )
1	58/30.05.2024	86420
2	64/04.07.2024	79894
3	70/02.08.2024	74896
4	75/27.08.2024	76660
5	75/27.08.2024	76660
6	80/30.09.2024	77174
7	88/07.11.2024	94152
8	92/20.12.2024	95182
9	98/22.01.2025	76954
10	105/24.02.2025	91800
ആകെ		829792

ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ, (790278 + 5 % GST 39514/-) സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. (മേൽ സൂചിത പട്ടികയിൽ ക്രമനമ്പർ (4), (5) പ്രകാരം കാണിച്ചിരിക്കുന്നത് ടി സ്ഥാപനത്തിനു ഒരേ ഇൻവോയിസ് പ്രകാരം രണ്ട് പ്രാവശ്യം ക്രമവിരുദ്ധമായി അനുവദിച്ചുകൊടുത്ത തുകയാണ്.) ആകെ നൽകിയ പ്രതിഫലത്തിന്റെ 2% തുകയായ 15806/- രൂപ TDS ഇനത്തിൽ കുറവ് ചെയ്യാതെ ബിൽ തുക പൂർണമായി സ്ഥാപനത്തിനു നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ലാത്തിനാൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(05/13.08.2025) ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് പ്രത്യേക കാര്യാലയമില്ലാത്തതിനാൽ TAN നമ്പർ ലഭ്യമല്ലായെന്നും ആയതിനാൽ ജി.എസ്.റ്റി.രജിസ്ട്രേഷൻ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയോടൊപ്പം വിതരണ സ്ഥാപനം 2024-25 സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെ ജി.എസ്.റ്റി. റിട്ടേൺ ഫയൽ ചെയ്ത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന മാസങ്ങളിലെ റിട്ടേണുകൾകൂടി പരിശോധനയ്ക്ക് ലഭ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭാവിയിൽ നടത്തുന്ന വാങ്ങലുകളിൽ ടി.ഡി.എസ് നടത്താൻ സാധിക്കാത്തപക്ഷം സ്ഥാപനം നേരിട്ട് ജി.എസ്.റ്റി. ഒടുക്കിയ വിവരങ്ങൾ ശേഖരിച്ച് ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 33 പൊതു ടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക കണക്കുകളിലെ അവ്യക്തത പരിഹരിക്കാൻ നടപടികളായില്ല

തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് 2024 ഏപ്രിൽ മാസം മുതൽ ഓഗസ്റ്റ് വരെ 157 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഒടുക്കി വന്നിരുന്നത്. 31.07.2023-ൽ സംയുക്ത പരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ എണ്ണം 115 ആയി കുറച്ചെങ്കിലും 2024 സെപ്റ്റംബർ മാസം മുതലാണ് ജല അതോറിറ്റി അത് അടിസ്ഥാനപ്പെടുത്തി തുക ഡിമാന്റ് ചെയ്ത് തുടങ്ങിയത്. ഓരോ മാസത്തെയും വെള്ളക്കരത്തോടൊപ്പം ഭീമമായ കുടിശ്ശികയും പിഴപ്പലിശയും ചേർത്തുള്ള തുകയാണ് ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തുന്നതെങ്കിലും അതാത് മാസത്തെ വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. (2025 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസിൽ 1,21,11,199/- രൂപ മുൻബാക്കിയും (കുടിശ്ശിക 1,21,11,199 + ഫൈൻ 2,37,564) തൻമാസത്തെ വെള്ളക്കരം 1,39,524രൂപയുമുൾപ്പടെ ആകെ 1,24,88,287/- രൂപയാണ് അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്.) സംയുക്ത പരിശോധനയ്ക്ക് ശേഷമുള്ള 115 ടാപ്പുകളിൽ 46 ടാപ്പുകൾ കൂടി വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി 06/12/2023-ലെ 10(1) നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. അതിനായി ജല അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 109000/- രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വൗച്ചർ നം.22400921/31.12.2024 പ്രകാരം ഒടുക്കിയെങ്കിലും 2025 മാർച്ച് മാസവും 115 ടാപ്പുകളുടെ വെള്ളക്കരം തന്നെയാണ് ഡിമാന്റ് ചെയ്യപ്പെട്ടത്. ജല അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം ഡിസ്കണക്ഷൻ ചാർജ് ഒടുക്കിയിട്ടും മുൻപുണ്ടായിരുന്ന എണ്ണം തന്നെ അടിസ്ഥാനപ്പെടുത്തി തുടർന്നും വെള്ളക്കരം അടവാക്കിയ നടപടിക്ക് വിശദീകരണവും , പിഴപ്പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക ഒഴിവാക്കി കിട്ടുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/14.08.2025) മറുപടിയായി കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് 20.06.23, 31.12.2024, 19.08.25 ലും കത്ത് നൽകുകയും അധികൃതരെ പല തവണ നേരിൽ കാണുകയും ചെയ്തിരുന്നതാണെന്നും എന്നാൽ വാട്ടർ

അതോറിറ്റി വിഷയത്തിൽ വേണ്ട പരിഗണന നൽകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ചിരുന്നുവെങ്കിലും ജല അതോറിറ്റി ജീവനക്കാരുടെ അനാസ്ഥ മൂലമാണ് പ്രശ്ന പരിഹാരമുണ്ടാകാത്തതെന്ന് ഭരണസമിതി അംഗങ്ങളും വിശദീകരിക്കുകയുണ്ടായി. വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച വിഷയം 2022-23, 23-24 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണെങ്കിലും ഇനിയും തീർപ്പാകാതെ തുടരുന്നത് ആശാസ്യമല്ല. ജല അതോറിറ്റിയുടെ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഈ വിഷയം അടിയന്തിരമായി പരിഹരിക്കാതിരിക്കുന്നത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് വൻബാധ്യത സൃഷ്ടിക്കുന്ന നടപടിയാണ്. സംയുക്ത പരിശോധനയിലൂടെ നിർണയിച്ചതും പിന്നീട് വിച്ഛേദിക്കാൻ നിർദ്ദേശം നൽകിയതിനു ശേഷവുമുള്ള എണ്ണം അടിസ്ഥാനപ്പെടുത്തിയുള്ള വെള്ളക്കരം നിശ്ചയിക്കുന്നതിനും തെറ്റായ കുടിശ്ശിക ഡിമാന്റ് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ ഊർജ്ജിതമാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-34 ജൽജീവൻ മിഷൻ -അവലോകനം

2024 ആകുമ്പോഴേക്കും എല്ലാ ഗ്രാമീണവീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായായി പദ്ധതി വിഹിതം വഹിയ്ക്കുന്ന ജൽ ജീവൻ പദ്ധതി മാർഗ്ഗ രേഖയുടെയും ആസൂത്രണത്തിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നിവയാണ് സംസ്ഥാനത്ത് പദ്ധതിയുടെ നിർവഹണ ഏജൻസികൾ.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. 2025 ലെ ബജറ്റിൽ, എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി സർക്കാർ ഈ പദ്ധതി 2028 വരെ നീട്ടിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ഇതോടൊപ്പം നിലവിൽ പദ്ധതികളില്ലാത്ത പ്രദേശങ്ങൾക്കായി പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഗുണനിലവാരവും സുസ്ഥിരതയും ഉറപ്പാക്കിയിട്ടുള്ള ഉപരിതല ജല സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതവും (15%) ഗുണഭോക്തൃവിഹിതവും (10%) അടവാക്കിയിട്ടില്ല.ജൽ ജീവൻ മിഷൻ ജലവിതരണത്തിനായി ഭാഗികമായി മാത്രമാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ഗാർഹിക കണക്ഷനുകൾ ഭാഗികമായി മാത്രമെ നൽകിയിട്ടുള്ളൂ.ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡുകൾ പൊളിച്ചത് റീസ്റ്റോറേഷൻ കൃത്യമായി നടത്തിയിട്ടില്ല. റീസ്റ്റോറേഷൻ നടത്തിയ റോഡുകളിലും അപാകത നിലനിൽക്കുന്നു.2021-22 മുതൽ 2024-25 വരെ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നെങ്കിലും ആയത് കൈമാറിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ടിന്റെ പേര്/നം.	തുക കൈമാറാതിരുന്നതിന്റെ കാരണം
2021-22	ഇല്ല	ബാധകമല്ല
2022-23	ഇല്ല	ബാധകമല്ല
2023-24	148/24 ജൽ ജീവൻ മിഷൻ ഡെപ്പോസിറ്റ്	സി. എഫ് .സി ഫണ്ട് വകയിരുത്തിയതിനാൽ അനുവദനീയമല്ല.
2024-25	233/25 ജൽ ജീവൻ മിഷൻ ഡെപ്പോസിറ്റ്	സി.എഫ് .സി ഫണ്ട് വകയിരുത്തിയതിനാൽ അനുവദനീയമല്ല.

ജൽജീവൻ മിഷൻ പദ്ധതിക്കായി നാളിതു വരെ ഗ്രാമ പഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എം എൽ എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

1-35 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ ഗ്രാന്റ്

അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

ക്രമ നം.	ഉത്തരവ് നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
3	G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ)
4	G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ)
5	Circular No. FM3/138/2023/LSGD Dated 23.05.2023
6	G.O(Rt) No. 1625/2023/LSGD Dated 09.08.2023

ചുവടെ ചേർക്കുംപ്രകാരമുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3.സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 4 , ഹോമിയോപ്പതി - 1, ആയുർവേദ – 1 എന്നിങ്ങനെ 6 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

	സ്കീം		21-22	22-23	23-24	24-25

1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്ര-ങ്ങൾക്കും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം	വരവ് ( )	0	**0**	27,97,392	28,75,326 (OB-27,97,392.+ പലിശ-77,934)
		ചെലവ് ( )	0	0	0	6,46,646
		ചെലവ് ശതമാനം (%)	0	0	0	22%
2	ഗ്രാമപഞ്ചായ-ത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	വരവ്	0	2,06,447	11,30,192 (OB-2170)	8,41,674 (OB-3,62,841.+ പലിശ-11,833)
		ചെലവ്	0	2,04,277	7,67,351	3,49,649
		ചെലവ് ശതമാനം (%)	0	99%	68%	42%
3	ഗ്രാമപഞ്ചായ-ത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ പ്രവർത്തനങ്ങൾ നടപ്പാക്കൽ	വരവ്	0	1,10,464	4,61,792 (OB-1240)	8,51,484(OB-1,20,088. പലിശ-5396)
		ചെലവ്	0	1,09,224	3,41,704	1,14.296
		ചെലവ് ശതമാനം (%)	0	99%	74%	13%

സ്കീം 1 പ്രകാരമുള്ള 2022-23ലെ ഗ്രാന്റ് ഉപയോഗിച്ച് ചക്രാത്തിക്കുന്ന് സബ്സെന്ററിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു. സ്കീം 3 ൽ ഉൾപ്പെടുത്തി രോഗനിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള റീ ഏജന്റുകൾ, ഉപകരണങ്ങൾ എന്നിവ കൃത്യമായി ഫാർമസിയിൽ സ്റ്റോക്കിലെടുത്ത് ലാബിലേയ്ക്ക് വിതരണം ചെയ്തുവരുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി യൂണിയൻ ബാങ്ക്, തൃക്കൊടിത്താനം ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ഇനം	അക്കൗണ്ട് നം
ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	720202010006983
ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	720202010006984
കെട്ടിടങ്ങളില്ലാത്ത സാമൂഹ്യരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം	720202010006982

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ്

അതാത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതാത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗത്തിനായി ആവിഷ്ക്കരിച്ച പ്രോജക്ടുകൾ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നല്കുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ട്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടില്ല. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ് വർഷം 5000 എന്ന പരിധി പാലിക്കുന്നുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് പ്രതിരോധ പ്രവർത്തനങ്ങളും അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടന്നുവരുന്നു.

ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. ഇതിൽ ചക്രാത്തിക്കുന്ന് സബ്സെന്ററിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും എല്ലാ മാസവും നടത്തി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇനം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വസ്തുനികുതി സപ്ലിമെന്ററി അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണയത്തിൽ കുറവ് വന്നതായി കാണുന്നു. 300 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ 300 ച.മീ താഴെ പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിൽപ്പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നമ്പർ/ കെട്ടിട നമ്പർ	അസസ്സ്-മെന്റ് ചെയ്ത തീയതി	വിസ്തീർണ്ണം (ച.മീ.)	കെട്ടിട ഉടമയുടെ പേരും വിലാസവും	നിർണ്ണയിക്കേണ്ട വസ്തു നികുതി				സഞ്ചയ പ്രകാരം നിർണ്ണയിച്ച വസ്തു നികുതി (8.4) രൂപ/ ച.മി)	കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ)
					അടി-സ്ഥാന വസ്തു നികുതി (10.5 രൂപ/ ച.മീ)	വർദ്ധനവ്	ഇളവ്	ആകെ		

1	7/479E	01/02/2024	443.2	ആന്റണി തോമസ്, പഴയചിറ, തൃക്കൊടിത്താനം	4654	1629 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	6283	5027	1256
2	8/67C	18/03/2024	418.17	റോയി മാത്യു, പറഞ്ഞാട്ട്, തൃക്കൊടിത്താനം	4391	1098 (തറ നിർമിതി -15%+A/C-10%)	439 (മേഖല-10%)	5050	4041	1009
3	14/8A	20/12/2023	438.68	രഞ്ജിത്ത്. പി. ജോൺ പതാരംചിറ വടക്കേൽ, തൃക്കൊടിത്താനം	4606	1612 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	6218	4975	1243
4.	14/159A	12/03/2024	412.89	ഇന്ദു ജോർജ്ജ്, കുമരങ്കേരിൽ, തൃക്കൊടിത്താനം	4335.3	1517.3 (തറ നിർമിതി -15%+ വഴി സൗകര്യം-20%)	0	5853	4683	1170
ആകെ കുറവ്										**4678/-**

നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 06/14.08.2025) സമർപ്പിച്ച മറുപടിയിൽ അപാകത പരിഹരിച്ച് നികുതി ഈടാക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മാങ്കാല കുളം നവീകരണം-ബെൽറ്റ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പ്രോജക്ട് നം	S0284/23, S0219/25
അടങ്കൽ	671352/- (CFC Tied Fund)
സാങ്കേതികാനുമതി	19007/2023 Dt26.03.2023
പുതുക്കിയ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി	I(20)/23.02.2024
കരാറുകാരൻ	ശ്രീ. വിവേക് ലാൽ എം. ഡി.
അളവു പുസ്തകം	E-Mbook 19007/2023
കരാർ നം. തീയതി	21/AE/LSGD/TDKM/2023-24 Dt.09.01.2024
ചെലവഴിച്ച തുക	670622/-
ബിൽ വിവരങ്ങൾ	BRN 24080452008100460834/ Dt.26.07.2024

ഗ്രാമപഞ്ചായത്തിന്റെ 6-ാം വാർഡിൽ മാങ്കാല ഭാഗത്തുള്ള കുളം ആഴം കൂട്ടി 25M നീളത്തിലും 22M വീതിയിലും 1.2M ഉയരത്തിലും സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുള്ളതിന്റെ തുടർച്ചയായി 0.972 M

ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി 2023-24 വാർഷിക പദ്ധതിയിൽ ആവിഷ്ക്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനങ്ങൾ പ്രകാരം കുളത്തിന് കരിങ്കൽ സംരക്ഷണഭിത്തി നിർമിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എം)എസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ 6.6.7.IV ഖണ്ഡിക പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

"കുടിവെള്ള പ്രോജക്ടുകൾ എടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതു വിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്." എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മുന്നൊരുക്കമെന്ന നിലയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയോ അവരടങ്ങുന്ന ഒരു ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ തുടർന്നടത്തിപ്പ് സംബന്ധിച്ച കരാറിൽ ഏർപ്പെടുകയോ ചെയ്തതായി രേഖ സൂക്ഷിച്ചിട്ടില്ല. ഒരു സാധാരണ മരാമത്ത് മരാമത്ത് പ്രവൃത്തിയെന്ന നിലയിൽ ടെൻഡർ നടപടികൾ പാലിച്ച് നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുകയാണ് ചെയ്തിട്ടുള്ളത്.

2. നിലവിൽ നിർമ്മിച്ച കൽക്കെട്ടിനു മുകളിൽ ഒരു നിര കരിങ്കൽക്കെട്ടു കൂടി നിർമ്മിച്ച് തറ നിരപ്പ് എത്തുന്ന രീതിയിൽ തൻവർഷം ഒരു പ്രോജക്ട് പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ വിശദാംശങ്ങൾ ലഭ്യമല്ല.

3. എസ്റ്റിമേറ്റിലെ രണ്ടാമത്തെ ഇനമായി ഉൾപ്പെടുത്തിയ പ്രബലിത കോൺക്രീറ്റ് ബെൽറ്റിന് തെറ്റായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുക വഴി അധികച്ചെലവുണ്ടായിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 18.11.2016-ലെ 87/2016, 05.08.2021 ലെ 64/2021 എന്നീ നമ്പർ ടെക്നിക്കൽ സർക്കുലറുകളിൽ സംരക്ഷണ ഭിത്തി നിർമാണത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങളും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും അത് പരിഗണിക്കാതെ ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് വഴി അധികച്ചെലവ് ഉണ്ടായിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നൽകിയ നിരക്ക്, സ്പെസിഫിക്കേഷൻ

ഇനം 2 RCC Belt For DR - Specification 5.2.2

RCC Work In Walls (Any Thickness) Including Attached Pilasters, Buttrusses, Plinth And String Courses, Fillets, Columns, Pillars, Piers, Abutments, Posts, And Struts Etc. Upto Floor Five Level Excluding Cost Of Centering, Shuttering And Reinforcement 1 : 1.5 : 3. @ 9921/M3.

പ്രസ്തുത സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ അത് അഞ്ച് നിലകൾ വരെയുള്ള കെട്ടിടത്തിന് ബാധകമാകുന്ന നിർമ്മിതികൾക്കാവശ്യമുള്ള ഇനങ്ങൾ ഉൾപ്പെടുന്നതാണെന്ന് കാണാവുന്നതാണ്. Code 9999 പ്രകാരമുള്ള ലിഫ്റ്റ് ആവശ്യമില്ലാത്തതും കുറഞ്ഞ മനുഷ്യപ്രയത്നം ആവശ്യവുമായ പ്രസ്തുത പ്രവൃത്തിക്ക് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 05.08.2021-ലെ 64/2021 നമ്പർ സർക്കുലർ പ്രകാരം നൽകാവുന്നത് പ്ലിന്ത് ലെവൽ വരെയുള്ള പ്രബലിത കോൺക്രീറ്റിംഗിന് (M20 Grade, 1:2:4) ബാധകമായ **5.1.3** എന്ന സ്പെസിഫിക്കേഷനാണ്.

നൽകാവുന്ന നിരക്ക്, സ്പെസിഫിക്കേഷൻ

Specification 5.1.3

Providing And Laying In Position Specified Grade Of Reinforced Cement Concrete Excluding Cost Of Centering And Shuttering All Works Upto Plinth Level 1 : 2 : 4 @ 8642.34/M3 (6334.15 + Cost Index 36.44)

അനുവദിച്ചതും അനുവദിക്കാവുന്നതുന്നതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെയ്ത അളവ്	**5.2.2** പ്രകാരം നൽകിയ തുക @ 9921/M3	**5.1.3** എന്ന ഇനം ഉൾപ്പെടുത്തി-യിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് 8642.34/M3	അധികം നൽകിയ തുക

9.437M3	93624+GST	81558 +GST	12066 + GST (18%) 2172

മേൽ പരാമർശിത അപാകതകൾക്കും അധികത്തുക നൽകിയ നടപടിക്കും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.18/തീ.18.08.2024) സംരക്ഷണഭിത്തി നിർമ്മാണത്തിനു ശേഷമുള്ള പ്രവൃത്തികൾ ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൂർത്തീകരിക്കാൻ തീരുമാനമായിട്ടുള്ളതാണെന്നും അധികം നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗം ചേർന്ന് സമിതി രൂപീകരിച്ച് കരാറിൽ ഏർപ്പെടുന്നതാണെന്ന് ഓഡിറ്റ് സമാപനയോഗത്തിൽ ഭരണമിതി അംഗങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി താമസംവിനാ പ്രവൃത്തിപഥത്തിലെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തെറ്റായ സ്പെസിഫിക്കേഷനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതുവഴി സംഭവിച്ച നഷ്ടം 14238/- (12066 + 2172) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 ലൈഫ് ഭവന നിർമ്മാണ പദ്ധതി - സർക്കാർ പരിധിയിൽ അധികരിച്ച് ധനസഹായം അനുവദിച്ചു

ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം, ജനറൽ വിഭാഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി ധനസഹായ തുക 4,00,000/- രൂപയാണെന്നിരിക്കെ, ചുവടെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രസ്തുത പരിധിയിൽ അധികരിച്ച് സബ്സിഡി ആനുകൂല്യം നൽകിയതായി കാണുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടമുറി സർക്കിൾ) നിർവ്വഹണം ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ (ജനറൽ വിഭാഗം) ഭാഗമായി, പ്രസ്തുത വ്യക്തികൾക്ക് 2022-2023 മുതൽ 2024-2025 വരെയുള്ള കാലയളവിൽ, വികസന ഫണ്ട്, സംസ്ഥാന വിഹിതം, KURDFC വായ്പ എന്നീ ഇനങ്ങളിലായി അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ലൈഫ് ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, ബാങ്ക് അക്കൗണ്ട് നം.	ബിൽ നം./ തീയതി	ഗഡു തുക (Rs.)	ആകെ അനുവദിച്ച് നൽകിയ തുക (Rs.)	അധികം അനുവദിച്ച തുക (Rs.)
1)	ശ്രീമതി ഷീബ മോൾ, പുതുപ്പറമ്പിൽ, തൃക്കൊടിത്താനം KLGB0040568/ 40568100002520	380/06.02.2024 367/20.02.2023 511/28.03.2023 14/26.05.2023 63/25.07.2023 62/13.08.2024 390/23.01.2025	50,000/- 40,000/- 50,000/- 1,50,000/- 50,000/- 60,000/- 50,000/-	4,50,000/-	50,000/-
2)	ശ്രീമതി സൂര്യ, കളത്തിൽ, കോട്ടമുറി SBIN0070385/ 67391407079 39429521713	367/20.02.2023 511/28.03.2023 14/26.05.2023 33/16.06.2023 62/13.08.2024	40,000/- 50,000/- 1,00,000/- 1,00,000/- 1,60,000/-	4,50,000/-	50,000/-
3)	ശ്രീമതി മഞ്ജുഷ മണിയനാചാരി, വടക്കേ തേവള്ളിയിൽ, തൃക്കൊടിത്താനം	350/23.01.2024 374/24.02.2023 14/26.05.2023 33/16.06.2023 181/09.11.2023 53/08.08.2024	70,000/- 40,000/- 1,00,000/- 1,00,000/- 50,000/- 40,000/-	4,40,000/-	40,000/-

	CBIN0280958/ 3324819078	62/13.08.2024	40,000/-		
4)	ശ്രീമതി. ചിന്നമ്മ, പുതുക്കാട്ട് ചിറ, തൃക്കൊടിത്താനം SBIN0070385/ 67087412291	380/06.02.2024 293/05.09.2024 416/22.11.2024 17/30.05.2023 53/08.08.2024	1,00,000/- 60,000/- 60,000/- 40,000/- 1,60,000/-	4,20,000/-	20,000/-
5)	ശ്രീമതി രമണി വാസു, കൊച്ചുപറമ്പിൽ, തൃക്കൊടിത്താനം SBIN0070385/ 67107641743	350/23.01.2024 293/05.09.2024 416/22.11.2024 181/09.11.2023 53/08.08.2024	1,00,000/- 60,000/- 60,000/- 40,000/- 1,60,000/-	4,20,000/-	20,000/-
6)	ശ്രീമതി രാധ മോഹനൻ, മഴുവഞ്ചേരി, തൃക്കൊടിത്താനം SBIN0008603/ 20165960598	414/23.02.2024 270/23.08.2024 181/09.11.2023 208/11.11.2024 335/09.01.2025 390/23.01.2025	1,00,000/- 1,60,000/- 40,000/- 60,000/- 40,000/- 40,000/-	4,40,000/-	40,000/-
7)	ശ്രീമതി ശ്രീകല, തുരുത്തിപ്പറമ്പിൽ കിഴക്കേതിൽ, തൃക്കൊടിത്താനം UBIN0572021/ 720202010001208	416/22.11.2024 17/30.05.2023 62/13.08.2024 335/09.01.2025 390/23.01.2025	1,00,000/- 40,000/- 1,60,000/- 60,000/- 60,000/-	4,20,000/-	20,000/-
	ആകെ			30,40,000/-	2,40,000/-

അധികത്തുക സബ്സിഡിയായി അനുവദിച്ചതിനു വിശദീകരണവും, അധികമായി കൈപ്പറ്റിയ തുക പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളപക്ഷം രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/ 17.08.2025), സമർപ്പിച്ച മറുപടിയിൽ, അധിക നിരക്കിൽ ധനസഹായ തുക അനുവദിച്ച് നൽകിയത് ബോധ്യപ്പെട്ടെന്നും , തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ക്രമ നം. (1) -ന് അധികം നൽകിയ 50,000/- രൂപ GRN: KL037778415202425M/ 20.02.2025 നമ്പർ രസീത് പ്രകാരവും, ക്രമ നം. (3) -ന് നൽകിയ 40,000/- രൂപ GRN: KL017093342202425M/ 23.08.2024 നമ്പർ രസീത് പ്രകാരവും, ക്രമ നം. (6) -ന് നൽകിയ 40,000/- രൂപ GRN: KL021120313202526M/ 08.08.2025 നമ്പർ രസീത് പ്രകാരവും, ക്രമ നം. (7) -ന് അധികം നൽകിയ 20,000/- രൂപ GRN: KL037778415202425M/ 20.02.2025 നമ്പർ രസീത് പ്രകാരവും ഈടാക്കി ചങ്ങനാശ്ശേരി സബ് ട്രഷറിയിലും, ക്രമ നം. (4) -ന് അധികംനൽകിയ KURDFC വായ്പ തുകയായ 20,000/- രൂപ തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ രസീത് നം. R-G050903-25002688/ 12.08.2025 പ്രകാരവും, ഒടുക്കിയ രേഖകളും ഹാജരാക്കിയിട്ടുണ്ട്. തിരികെ അടവാക്കിയ ടി തുകകൾ, ഗുണഭോക്താക്കളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പണമായി സ്വീകരിച്ച് സ്വയം ട്രഷറിയിൽ അടവാക്കിയതാണെന്നാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയ ചലാൻ പകർപ്പുകളിൽ, ഫണ്ട് തിരികെ അടവാക്കിയ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളോ, ലൈഫ് ഐ. ഡി -യോ മറ്റ് വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, തിരികെ ഈടാക്കൽ വിശദാംശങ്ങൾ പൂർണ്ണമായി പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ആകയാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടുള്ള മേൽ സൂചിപ്പിച്ച പണമിടപാട് സുതാര്യവും ക്രമപ്രകാരവുമല്ല. അധികം കൈപ്പറ്റിയ തുക ഗുണഭോക്താക്കൾ നേരിട്ട് തങ്ങളുടെ പേരിൽ ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കി രസീത് കൈപ്പറ്റുകയും, ടി തുക തനത് ഫണ്ടിൽ നിന്നും സർക്കാരിന്റെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്കി ട്രഷറി ചലാൻ ഫയൽ ചെയ്യുകയുമായിരുന്നു ക്രമപ്രകാരം ചെയ്യേണ്ടിയിരുന്നത്. എന്നാൽ, അപ്രകാരം ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകി തുടർനടപടികൾ സ്വീകരിക്കാതിരുന്നതും, പദ്ധതി നിർവ്വഹണത്തിലും തുടർന്ന് ധനസഹായ തുക അനുവദിച്ച് നൽകുന്നതിലെ നിരുത്തരവാദപരമായ സമീപനവും ശ്രദ്ധക്കുറവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തിരികെ ഈടാക്കുവാൻ അവശേഷിക്കുന്ന, ക്രമ നം. (2), (5) എന്നിവർക്ക് അധികം അനുവദിച്ച് നൽകിയിട്ടുള്ള യഥാക്രമം 50,000/- രൂപയും, 20,000/- രൂപയും ഉൾപ്പെടെ ആകെ 70,000/- രൂപ ബന്ധപ്പെട്ട

ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി, ചലാൻ/ രസീത് പകർപ്പുകൾ ഉൾപ്പെടെ ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെങ്കിൽ, 70,000/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
16	99500	90500	9000	3/2025-ലെ തുക (9000/-)04/ 2025-ൽ അടവാക്കി-യിട്ടുള്ളതാണ്.

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവന-ക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവന-ക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയി-ട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവന-ക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ	മെഡിസെപ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി	റിമാർക്ക്സ്

		ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	ഒടുക്കിയ തുക	നിൽക്കുന്ന തുക	
2	02/2025, 03/2025	10000/-	0	10000/-	04/2025 മുതൽ തവണകളായി അടവാ-ക്കിയിട്ടുണ്ട്.

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2024-25 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 11/08/2025,12/08/2025 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 2414279/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2205540/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

തുക നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര് (നം.)	ചെലവ്	ബാക്കി

ബ്ലോക്ക് പഞ്ചായത്ത് മാടപ്പള്ളി	10,00,000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-ജനറൽ (90/25)	10,00,000/-	0
	405000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-പട്ടികജാതി (41/25)	405000/-	0
	500000/-	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (9/25)	500000/-	0
	540/-	മെൻസ്ട്രുവൽ കപ്പ് വാങ്ങൽ വനിത (267/25)	540/-	0
	100000/-	ക്ഷീര-കർഷകർക്ക് പാലിന് സബ്സിഡി (105/25)	100000/-	0
	200,000/-	വേഷ്ണാൽ കളരിത്തറ റോഡ് നവീകരണം വാർഡ് 16(274/25)	200,000/-	0
	2205540/-	**ആകെ ബ്ലോക്ക് വിഹിതം**	**2205540/-**	**0**
കോട്ടയം ജില്ല പഞ്ചായത്ത്	227500/-	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (9/25)	227500/-	0
	940000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-പട്ടികജാതി (41/25)	940000/-	0
	700000/-	ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-ജനറൽ(90/25)	700000/-	0
	546779/-	തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്-വനിതാ ഫിറ്റ്നസ് സെന്റർ നിർമ്മാണം (208/25)	546779/-	0
	2414279/-	**ജില്ല പഞ്ചായത്ത് വിഹിതം**	**2414279/-**	**0**

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

2024-25 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്, MNREGS മിഷൻ എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം 37,34,198/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയത്	ചെലവഴിച്ച തുക	ചെലവ-ഴിക്കാൻ ബാക്കി
KSEB Ltd.	വിവിധ വാർഡുകളിൽ KSEB യുടെ പോസ്റ്റ് മാറ്റിയിടൽ (28/25)	14198/-	ഇല്ല	314198/-
MNREGS മിഷൻ ഡയറക്ടർ	കിളിമല അംഗനവാടി കെട്ടിട നിർമാണം (306/25)	2,00,000/-	ഇല്ല	2,00,000/-
ചെറുകിട ജലസേചന വകുപ്പ്, അസിസ്റ്റന്റ് എക്സി-ക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം	കൊക്കോട്ടുച്ചിറ കുടിവെള്ള പദ്ധതി നവീകരണം (331/25)	32,20,000/-	ഇല്ല	32,20,000/-
	ആകെ	**3734198/-**		**3734198/-**

4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരം-ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു-ണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക (മുതൽ)	തൻ-വർഷം തിരിച്ചടച്ച തുക (പലിശ)	വർഷാ-വസാനം തിരിച്ച-ടയ്ക്കാൻ ബാക്കി-യുള്ള തുക
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ (KURDFC) ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/ 18.05.2018	50,95,859/-	*** 59,20,000/-	* 14,87,046/-	0	** 95,28,813/-

*G.O. Project – Source Deduction

1) വികസന ഫണ്ട് (ജനറൽ) : 7,22,027/- (Proj. No : 363/25)

2) വികസന ഫണ്ട് (ജനറൽ) : 7,05,314/- (Proj. No : 365/25)

3) വികസന ഫണ്ട് : 21,376/- (Proj. No : 364/25)

4) വികസന ഫണ്ട് : 38,329/- (Proj. No : 366/25)

**വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് (B-5/ 330500201) തുകയുമായി (95,08,346/-) പൊരുത്തപ്പെടുന്നില്ല. വ്യത്യാസം നിലനിൽക്കുന്നു.
***സ്ഥാപനത്തിൽ പരിപാലിക്കുന്ന മാനുവൽ എ. സി. ആർ പ്രകാരം, തൻ വർഷം റസീപ്റ്റ് ചെയ്തിട്ടുള്ള KURDFC വായ്പ തുക 59,20,000/- രൂപയാണെങ്കിലും, വാർഷിക ധനകാര്യ പത്രിക, RP-31/330500201 പ്രകാരം, ലഭ്യമായ ലോൺ തുക 32,00,000/- രൂപയാണ്. എന്നാൽ, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ (SBI Life State Share A/C No: 38062025182 & Canara Bank Life Loan A/C No: 110045308710) പ്രകാരമുള്ള 59,20,000/- രൂപയാണ്, മേൽ പട്ടികയിൽ തൻ വർഷ വായ്പ തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

4-7 സ്ഥിരനിക്ഷേപങ്ങൾ

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ ധനകാര്യ പത്രിക പ്രകാരമുള്ള സ്ഥിരനിക്ഷേപങ്ങളുടെ (Fixed Deposits) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,05,57,205/-
തൻവർഷം നിക്ഷേപിച്ച തുക	30,00,000/-
പലിശ വരവ് (4,12,500 + 8,671)	4,21,171/-
ആകെ	1,39,78,376/-
തൻവർഷം പിൻവലിച്ച തുക (5,02,158 + 8,671)	5,10,829/-
വർഷാവസാനം (31/03/2025 -ൽ) അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,34,67,547/-

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	നിക്ഷേപിച്ച ബാങ്ക്	എഫ്.ഡി. അക്കൗണ്ട് നം.	നിക്ഷേപിച്ച തുക	പലിശ നിരക്ക്	31/03/2025 ലെ നിക്ഷേപ മൂല്യം
1)	തൃക്കൊടിത്താനം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി. നം. 178	0112000052432	50,00,000/-	8.25	54,12,500/-
2)	സൗത്ത് ഇന്ത്യൻ ബാങ്ക്, ചെത്തിപ്പുഴ ബ്രാഞ്ച്	0452101000009450	* 30,00,000/-	7.25	30,00,000/-
3)	യൂണിയൻ ബാങ്ക്, തൃക്കൊടിത്താനം ബ്രാഞ്ച്	0720203030001860	50,55,047/-	7.25	50,55,047/-
		ആകെ	1,30,55,047/-		1,34,67,547/

പലിശരഹിത തുകയായി കറന്റ് അക്കൗണ്ടിൽ നിലനിന്നിരുന്ന തുകയോടൊപ്പം, നിലവിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം (A/C No. 0452100000002054 : 5,02,158/- രൂപ + പലിശ തുക 8,671/- രൂപ) ക്ലോസ് ചെയ്ത്, *30 ലക്ഷം രൂപ 400 ദിവസത്തേയ്ക്ക് സൗത്ത് ഇന്ത്യൻ ബാങ്ക്, ചെത്തിപ്പുഴ ബ്രാഞ്ചിൽ 20/06/2024 -ൽ നിക്ഷേപിച്ചു. (ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 17(1)/ 19.06.2024 നം. തീരുമാനം പ്രകാരം)
ക്രമ നം. (2) -ന്റെ, 25/07/2025 -ലെ മെച്യൂരിറ്റി വാല്യൂ : 32,46,162/-
ക്രമ നം. (3) -ന്റെ, 14/04/2025 -ലെ മെച്യൂരിറ്റി വാല്യൂ : 54,53,201/-

4-8 ഓഡിറ്റ് റിക്കവറി

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പ്രകാരം 2024-25 വർഷം പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. റിക്കവറി തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നം.	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	അടവാക്കിയ തുക	രസീത് നം./ തീയതി
1.	2022-23	1-25	JIO DIGITAL Pvt.Ltd	36945	1240000036/ 15.05.2024
				47574	1240000037/ 15.05.2024
				39698	1240000038/ 15.05.2024
4.	2022-23	1-12	അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി	7360	1241300503/ 06.05.2024
5.	2022-23	1-25	JIO DIGITAL Pvt.Ltd	256158	1240000087/ 26.06.2024
6.	2022-23	1-17	അസിസ്റ്റന്റ് എഞ്ചിനീയർ, മാടപ്പള്ളി ബ്ലോക്ക്	32540	1241304089/ 24.12.2024

4-9 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2-2	2016-17	അനുബന്ധം-3	വസ്തു നികുതി സംബന്ധമായ അപാകതകൾ	നിയമസഭാ സമിതിയുടെ പരിഗണന-യിലാണ്
2014-15	2-3-2	2016-17	അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	നിയമസഭാ സമിതിയുടെ പരിഗണന-യിലാണ്
2015-16	2-3-1, 2-3-2, 2-3-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	നിയമസഭാ സമിതിയുടെ പരിഗണന-യിലാണ്
2019-20	1-19	2020-21	അനുബന്ധം-2	മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ-അപാകതകൾ	നിയമസഭാ സമിതിയുടെ പരിഗണന-യിലാണ്

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	: 128556841/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	: 95156804/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	204218621/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	202116350/-
വരവിനങ്ങളിലുള്ള നഷ്ടം	: 4678/-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	: **84238/-**
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: **4044500**

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2-1 (1-14-2)	4678/-	-	ശ്രീ. എ. അനിൽകുമാർ, സെക്രട്ടറി
3-1 (1-31)		14238/-	അഞ്ജനാ പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനിയർ (7119) പി. കെ. സുരേഷ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (7119)
3-2 (1-19)	-	70000/-	അജിത് കുമാർ വി. എസ്., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോട്ടമുറി സർക്കിൾ)
ആകെ	4678/-	84238/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	520900/-	ശ്രീമതി അഞ്ജനാ പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനിയർ
1-24	3220000/-	ശ്രീ. എ. അനിൽകുമാർ, സെക്രട്ടറി
1-26	200000/-	ശ്രീ. എ. അനിൽകുമാർ, സെക്രട്ടറി

1-30	103600/-	ശ്രീമതി സുമം സ്ക്കറിയ, ഹെഡ്മിസ്ട്രസ്, ഗവ. എൽ. പി. എസ്., കടമാൻചിറ
ആകെ	4044500/-	

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി അഞ്ജനാ പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനിയർ, LID & EW	അസിസ്റ്റന്റ് എഞ്ചിനിയർ, LID & EW, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്	കേദാരം, NRA 36, പെരുന്ന പി. ഒ., ചങ്ങനാശ്ശേരി
ശ്രീ. പി. കെ. സുരേഷ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, LID & EW	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, LID & EW, ജില്ലാ പഞ്ചായത്ത്, കോട്ടയം	ചാരുത (H), മുട്ടമ്പലം പി. ഒ., കഞ്ഞിക്കുഴി, കോട്ടയം- 686004
ശ്രീ. എ. അനിൽകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി	ലഭ്യമാക്കിയില്ല	രോഹണി ഭവൻ, കണ്ണന്തല പി. ഒ., തിരുവനന്തപുരം
ശ്രീ. അജിത് കുമാർ വി. എസ്., വി. ഇ. ഒ.	വി. ഇ. ഒ., തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്	മുണ്ടയത്ത് (H), ഐത്തോട്ടുവ, വെസ്റ്റ് കല്ലട പി. ഒ., കൊല്ലം

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/07/2025 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01 & 2001-02	എൽ.എഫ്.കെ.പി8-668/2003/ 14.11.2003/06.12.2003 (ജനകീയാസൂത്രണം)	20
2008-09	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(8)/2022/ 27.08.2022	3

2009-10	കെ.എസ്.എ-കെ.ടി.എം.പി10 / അദാ-2022/1870(9)/2022/ 27.08.2022	3
2010-11 & 2011-12	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(10)/2022/ 27.08.2022	4
2012-13	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(11)/2022/ 27.08.2022	2
2013-14	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(12)/2022/ 27.08.2022	2
2014-15	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1870(13)/2022/ 27.08.2022	7
2015-16	കെ.എസ്.എ-കെ.ടി.എം.പി10/ 766/2017/05.01.2018/16.01.2018	15
2016-17	കെ.എസ്.എ-കെ.ടി.എം.പി10/ 1425/2017/14.12.2017	20
2017-18	കെ.എസ്.എ-കെ.ടി.എം.പി10-1436/2018/17.10.2019	26
2018-19	കെ.എസ്.എ-കെ.ടി.എം.പി10/ അദാ-2022/1399/2022/ 27.08.2022	12
2019-20	കെ.എസ്.എ-കെ.ടി.എം.പി10/ 1809/2022/ 27.10.2022	6
2020-21	കെ.എസ്.എ-കെ.ടി.എം.പി10/ 676/2022/ 11.07.2023	33
2021-22	കെ.എസ്.എ-കെ.ടി.എം.പി10/ 362/2023/ 27.03.2023	50
2022-23	കെ.എസ്.എ-കെ.ടി.എം.പി10/ 1283/2024/16.04.25	56
2023-24	കെ.എസ്.എ-കെ.ടി.എം.പി10/ 1312/2024/17.02.2024	39

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 23-06-2025 and submitted on 25-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thrikkodithanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thrikkodithanam Grama Panchayat as on 31-03-2025

Date: 24/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thrikkodithanam Grama Panchayat for the Year 2024-2025.

1.Major Observations

1) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31.03.2025.

2) Asset Register has not been updated.

3) Capital asset figures are not accurate.

2.Other Observations

1) As per Section 58 (4) (a) of the Kerala Panchayat Raj (Accounts) Rules, physical verification and reconciliation of stock shall be carried out at the end of every year. The stock valuation of the Grama Panchayat at the end of the year 2024-25, has not been included in the Annual Financial Statement (B-14) - Stock in hand (inventories). As per the balance sheet, the stock value of the Panchayat is NIL.

2) Kerala Panchayat Raj (Accounts Rules), Rule 17(2) has specified that, the monthly demand for each item of income to be accrued by the Gram Panchayat, shall be recorded through journal entry. On examining the ledgers of various income heads, demand entries were recorded only twice in the financial year.

3) RP-30/ 320100203 (Health Grant towards buildingless Subcentres, PHCs and CHCs) : The bank interest amount of Rs. 19,655/- is not reflected in this head of account.

RP-30/ 320100202 (Health Grant Towards support for diagnostic InfraStructure to the PHCs) : The bank interest amount of Rs. 2,561/- is not reflected in this head of account.

RP-30/ 320100204 (Health Grant twards conversion of PHCs and Subcentres in to Health and Wellness Centres) : The bank interest amount of Rs. 859/- is not reflected in this head of account.

RP-30/ 320300199 (Grants, Funds & Contributions For Specific Purposes - Other Government Agencies) : LIFE State Share - The bank interest amount of Rs. 10,521/- is not reflected in this head of account.

4) RP-31/ 330500201 (Secured Loans - Loan From KURDFC) : As per Annual Financial Statement, Rs. 32,00,000/- has been accounted as KURDFC loan receipt. While the loan amount for the current year (as per respective bank account statements and manually maintained ACR in the Grama Panchayat) is Rs. 59,20,000/-, the balance loan amount is accounted under account head RP-30/ 320300199 (Life State Share). Hence there is a difference in the amounts, in the respective account heads.

5) Schedules B5/ Secured Loans and B16/ Prepaid Expenses in the Annual Financial Statement has not reconciled with each other.

6) Audit recovery amount of Rs. 4,20,275/- has not accounted in the head of account RP-10/Other Income.
7) B-7/ 340100301 (Contractors Retention) : As per the deposit register of the institution, there is a difference of Rs. 14,894/- in the opening balance and hence, this difference in amount reflected in the closing balance also. The amount as per the annual financial statement has not reconciled with the deposit register.

B-7/ 340200101 (Rent Deposit) : As per the deposit register of the institution, there is a difference of Rs. 603/- in the closing balance. The amount as per the annual financial statement has not reconciled with the deposit register.

8) RP-30/ 320300199 : There exists a difference in receipt & payment values, of LIFE State Share head of account.

9) The amounts deposited with various implementing agencies and festival advance of Rs. 4,000/-, in the balance sheet B-18/Loans, Advances and Deposits schedule, has not been adjusted.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്